# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം
2011 ഒക്ടോബർ 03 തിങ്കൾ
നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ -283)

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യനമ്പർ |
| --- | --- |
| മുഖ്യമന്ത്രി | : 1451 മുതൽ 1623 വരെ |
| ഭക്ഷ്യവും സിവിൽസപ്ലൈസും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : 1624 മുതൽ 1663 വരെ |
| എക്സൈസും തുറമുഖവും വകുപ്പുമന്ത്രി | : 1664 മുതൽ 1691 വരെ |
| ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : 1692 മുതൽ 1733 വരെ |

## പൗരാവകാശ രേഖ

1451 ശ്രീ. വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പൗരാവകാശ രേഖ പ്രഖ്യാപിച്ചിട്ടില്ലാത്ത എത്ര വകുപ്പുകളും സ്ഥാപനങ്ങളും നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സ്ഥാപനങ്ങളിലും വകുപ്പുകളിലും പൗരാവകാശ രേഖ പ്രഖ്യാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പൗരാവകാശ രേഖ പ്രഖ്യാപിച്ച സ്ഥാപനങ്ങളിലും വകുപ്പുകളിലും അതിന്റെ പ്രയോജനം ജനങ്ങൾക്ക് ലഭിക്കുന്നുവെന്ന് ഉറപ്പാക്കാനുള്ള നടപടി സർക്കാർ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

പൗരാവകാശരേഖ പ്രസിദ്ധീകരിക്കാൻ നടപടി

1452 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സിവിൽ സർവ്വീസിലുള്ള മുഴുവൻ വകുപ്പുകളിലും പൗരാവകാശ രേഖ പ്രസിദ്ധീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ പ്രസിദ്ധീകരിക്കാത്ത വകുപ്പുകളിൽ പൗരാവകാശരേഖ പ്രസിദ്ധീകരിക്കാൻ നടപടി സ്വീകരിക്കുമോ?

ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ നടപടി

1453 ശ്രീ. പി. ശ്രീരാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) താഴെപ്പറയുന്ന ഓർഡിനൻസുകൾ ഇപ്പോൾ നിലവിലുണ്ടോ;

(i) പാരാമെഡിക്കൽ കൗൺസിൽ രൂപീകരണം;

(ii) സ്പോർട്സ് കൗൺസിൽ നിയമനം പി.എസ്.സിക്ക് വിട്ടത് ;

(iii) പ്ലാച്ചിമട ട്രൈബ്യൂണൽ രൂപീകരിക്കാനുള്ളത്;

(iv) ഡോക്ടർമാർക്കും, ആശുപത്രികൾക്കുമെതിരെയുള്ള അക്രമം തടയൽ;

(ബി) ഇവയ്ക്ക് പകരം ഓർഡിനൻസുകൾ പുറപ്പെടുവിക്കാൻ നടപടി സ്വീകരിക്കുമോ;

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഡൽഹിയിലെ ലെയ്സൺ ഓഫീസ്</u>

1454 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിൽ നിന്നും കേരളത്തിന് അർഹമായ ഫണ്ടും പദ്ധതികളും ലഭ്യമാക്കുന്നതിന് കേന്ദ്ര സർക്കാരുമായുള്ള ബന്ധം ശക്തിപ്പെടുത്താൻ ഡൽഹി ആസ്ഥാനമായി ലെയ്സൺ ഓഫീസ് പ്രവർത്തിക്കുന്നുണ്ടോ;

(ബി) എങ്കിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ ആരാണ്;

(സി) പ്രസ്തുത ഓഫീസിന്റെ ചുമതലകൾ എന്തെല്ലാമാണ്;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം പ്രസ്തുത ഓഫീസിന് എന്തൊക്കെ പ്രവർത്തനങ്ങളാണ് കാഴ്ചവയ്ക്കാൻ സാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

തുടര്‍ കര്‍മ്മ പദ്ധതി

1455 ശ്രീ. ചിറ്റയം ഗോപകുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) തുടര്‍ കര്‍മ്മ പദ്ധതിയില്‍പ്പെടുത്തി അടൂര്‍ മണ്ഡല വികസനത്തിനായുള്ള പദ്ധതികളുടെ വകുപ്പു തിരിച്ചുള്ള വിവരം വ്യക്തമാക്കുമോ ;

(ബി) കല, സംസ്ക്കാരം, കായികം എന്നീ മേഖലകളുടെ പുരോഗതിക്കായി കര്‍മ്മ പദ്ധതിയില്‍ പ്രത്യേകമായ പദ്ധതികള്‍ നടപ്പാക്കുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(സി) എങ്കില്‍ അവയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ലോകായുക്തയുടെ പ്രവര്‍ത്തനം വിപുലീകരിക്കാന്‍ നടപടി

1456 ശ്രീ. ബെന്നി ബെഹനാന്‍
,, വി.ഡി. സതീശന്‍
,, വര്‍ക്കല കഹാര്‍
,, പി.എ. മാധവന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാന ഭരണത്തിന്റെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനും സുതാര്യമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) ഇതിന്റെ ഭാഗമായി ഇ - ഗവേണന്‍സ് ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ എല്ലാ സര്‍ക്കാര്‍- അര്‍ദ്ധ സര്‍ക്കാര്‍ പൊതുമേഖല സ്ഥാപനങ്ങളും ലോകായുക്തയുടെ പരിധിയില്‍ കൊണ്ട് വരുവാന്‍ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) അഴിമതി തടയുന്നതിന്റെ ഭാഗമായി ലോകായുക്തയുടെ പ്രവര്‍ത്തനം വിപുലീകരിക്കുന്നതിനും കൂടുതല്‍ അടിസ്ഥാനസൗകര്യങ്ങള്‍ ലഭ്യമാക്കുന്നതിനും നടപടികള്‍ സ്വീകരിക്കുമോ;

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫ് നിയമന നടപടി</u>

1457 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ പേഴ്സണൽ സ്റ്റാഫിൽ ആകെ എത്ര പേരെയാണ് നിയമിക്കുവൻ ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ വിവിധ സർവ്വീസ് മേഖലയിൽ നിന്നും എത്ര പേരെ നിയമിച്ചിട്ടുണ്ട്; മറ്റ് വിഭാഗത്തിൽ നിന്നും എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

മന്ത്രിമാരുടെ വിദേശയാത്രാ ചെലവുകൾ

1458 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം വിദേശയാത്ര നടത്തിയ മന്ത്രിമാർ ആരൊക്കെയാണെന്നും ഇവർ ഏതൊക്കെ രാജ്യമാണ് സന്ദർശിച്ചതെന്നും ഇവരുടെ യാത്രയുമായി ബന്ധപ്പെട്ട് സർക്കാരിനും പൊതുമേഖലാ സ്ഥാപനങ്ങൾക്കും എത്ര തുക ചെലവായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഔദ്യോഗിക വസതികൾ മോടിപിടിപ്പിക്കുന്നതിനായി നടപടി

1459

ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർക്ക് അനുവദിച്ച ഔദ്യോഗിക വസതിയും പ്രസ്തുത ഔദ്യോഗിക വസതികൾ മോടി പിടിപ്പിക്കുന്നതിനായി ചെലവഴിച്ച തുകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ മുഖ്യമന്ത്രിയും, മറ്റ് മന്ത്രിമാരും കൈപ്പറ്റിയ ടി.എ, ഡി.എ. തുകകളുടെ വിശദാംശം പ്രത്യേകം പ്രത്യേകം നൽകാമോ;

(സി) ഈ സർക്കാർ അധികാരമേറ്റ് നാളിതുവരെ മുഖ്യമന്ത്രി ഉൾപ്പെടെയുള്ള മന്ത്രിമാർ ചായ സൽക്കാരത്തിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) ഓരോ മന്ത്രിമാർക്കും അനുവദിക്കപ്പെട്ട ഔദ്യോഗിക വാഹനങ്ങളുടെ വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

നൂറുദിന പരിപാടി

1460 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ നൂറുദിന പരിപാടിയിൽ ഉൾപ്പെടുത്തി പൂർത്തീകരിച്ച പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

100 ദിന പരിപാടിയിൽ പുതുതായി ഭരണാനുമതി നൽകിയ പദ്ധതികൾ

1461 ശ്രീ. എ.കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ ഭരണകാലത്ത് പ്രവർത്തനം തുടങ്ങിയ എത്ര പദ്ധതികളാണ് ഈ സർക്കാരിന്റെ ആദ്യത്തെ 100 ദിനത്തിൽ പൂർത്തീകരിക്കപ്പെട്ടത്;

(ബി) ഇതിന്റെ വിവരം വകുപ്പ് തിരിച്ച് നൽകാമോ;

(സി) 100 ദിന പരിപാടിയിൽ ഏതെങ്കിലും പദ്ധതി പുതുതായി ഭരണാനുമതി നൽകി ആരംഭിച്ച് പൂർത്തീകരിച്ചതായി വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നൂറു ദിനത്തിൽ പൂർത്തിയാക്കിയ നിർമ്മാണ പ്രവർത്തനങ്ങൾ</u>

1462

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നിർമ്മാണ പ്രവർത്തനം ആരംഭിക്കുകയും നൂറു ദിനത്തിനുള്ളിൽ പൂർത്തീകരിക്കുകയും ചെയ്ത പ്രവൃത്തികളുടെ വിശദാംശം വ്യക്തമാക്കുമോ;

(ബി) ഇത്തരത്തിൽ എത്ര പ്രവൃത്തികൾ പൂർത്തിയാക്കിയെന്ന് ജില്ല തിരിച്ച്, വകുപ്പ് തിരിച്ച് വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

100 ദിന പരിപാടിയിൽ ഉൾപ്പെടുത്തിയ പദ്ധതികൾ

1463 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

സംസ്ഥാന സർക്കാർ 100 ദിന പരിപാടിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ പ്രവൃത്തികൾ വകുപ്പു തിരിച്ച് ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ജില്ലതോറും ജനസമ്പർക്ക പദ്ധതി</u>

1464 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറ്ദിന കർമ്മപരിപാടിയിൽ പ്രഖ്യാപിച്ച പദ്ധതികളിൽ ഒട്ടുമിക്കതും പൂർത്തീകരിക്കുകയും ഒട്ടേറെ പദ്ധതികൾക്ക് തുടക്കം കുറിക്കാൻ കഴിയുകയും ചെയ്തതായി കരുതുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ ;

(ബി) വിഷൻ 2030 എന്ന പേരിൽ കർമ്മ പരിപാടി ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതുവഴി നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തൊക്കെ;

(സി) ജനകീയ പ്രശ്നങ്ങൾ നേരിട്ടറിയുന്നതിനായി ജില്ലതോറും ജനസമ്പർക്ക പദ്ധതിക്ക് തുടക്കം കുറിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എന്നുമുതൽ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നൂറുദിന കർമ്മപരിപാടി - പബ്ലിസിറ്റിക്ക് നടപടി</u>

1465 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ നൂറുദിന കർമ്മ പരിപാടി നടപ്പിലാക്കുന്നതു സംബന്ധിച്ച വിവരം ജനങ്ങളിൽ എത്തിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങളെന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) ഇതിനായി ഫീൽഡ് പബ്ലിസിറ്റി വിഭാഗം പ്രദർശനങ്ങളോ, സാംസ്കാരിക പരിപാടികളോ, കലാശിബിരങ്ങളോ സംഘടിപ്പിക്കുന്നുണ്ടോ ; ഇല്ലെങ്കിൽ അതിനു നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>റിസര്‍വ്വ് ബാങ്ക് വായ്പകള്‍</u>

1466

ശ്രീ. കെ. രാധാകൃഷ്ണന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിസര്‍വ്വ് ബാങ്ക് മുന്‍ഗണനാ പട്ടികയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള വായ്പകള്‍ ഏതെല്ലാമാണ്;

(ബി) മുന്‍ഗണനാ പട്ടികയില്‍ ഉള്‍പ്പെടുത്തിയിട്ടുള്ള വായ്പകളില്‍ നിന്നും ഈടാക്കുന്ന പലിശയുടെ വിശദാംശങ്ങള്‍ ലഭ്യമാക്കുമോ;

(സി) പ്രൊഫഷണല്‍ വിദ്യാഭ്യാസ വായ്പയ്ക്ക് ബാങ്കുകള്‍ ഈടാക്കുന്ന പലിശ എത്രയാണ്;

(ഡി) ദേശസാല്‍കൃത ബാങ്കുകള്‍ ഉള്‍പ്പെടെ വാഹന വായ്പയെക്കാള്‍ ഉയര്‍ന്ന പലിശ നിരക്കാണ് വിദ്യാഭ്യാസ വായ്പയ്ക്ക് ഈടാക്കുന്നതെന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ഇ) വിദ്യാഭ്യാസ വായ്പയെയും മുന്‍ഗണനാപട്ടികയില്‍ ഉള്‍പ്പെടുത്തി കുറഞ്ഞ പലിശ ഉറപ്പാക്കുവാന്‍ സംസ്ഥാന സര്‍ക്കാര്‍ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടെങ്കില്‍ അതിന്റെ വിശദാംശങ്ങള്‍ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പേറ്റന്റ് സംവിധാനം</u>

1467 ശ്രീ.പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്
,, ഹൈബി ഈഡൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേറ്റന്റ് സംവിധാനത്തിന് സുതാര്യത വേണം എന്നു ഗവൺമെന്റ് കരുതുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത് ;

(സി) സർക്കാർ ധന സഹായത്തോടെ നടത്തുന്ന ഗവേഷണങ്ങളുടെ ഫലമായി ലഭിച്ച പേറ്റന്റുകൾ വേണ്ട വിധത്തിൽ ഉപയോഗപ്പെടുത്താൻ നടപടി എടുക്കുമോ ;

(ഡി) സമൂഹത്തിന്റെ ആവശ്യങ്ങൾക്കനുസരിച്ച് ഗവേഷണ പ്രവർത്തനങ്ങൾ നടത്തുവാൻ മുൻകൈ എടുക്കുമോ ;

(ഇ) ശാസ്ത്രസാങ്കേതിക മേഖലകളുടെ വികസനത്തിന് എന്തെല്ലാം സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സേവനാവകാശ നിയമം നടപ്പാക്കല്‍</u>

1468 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) വിവരാവകാശ നിയമ മാതൃകയില്‍ സംസ്ഥാനത്ത് സേവനാവകാശ നിയമം നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികള്‍ വിശദമാക്കുമോ ;

(ബി) ഇന്ത്യയില്‍ ഏതെങ്കിലും സംസ്ഥാനത്ത് സേവനാവകാശനിയമം നിലവിലുണ്ടോ ; എങ്കില്‍ ഏത് സംസ്ഥാനത്താണ് ;

(സി) സംസ്ഥാനത്ത് ഈ നിയമം നടപ്പിലാക്കുന്നതിന് മുമ്പായി സര്‍വ്വീസ് സംഘടനകളുമായി ചര്‍ച്ച നടത്തുന്നതിനുള്ള നടപടികള്‍ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സേവനാവകാശനിയമം സംബന്ധിച്ച് സംഘടനകളുമായി ചർച്ച</u>

1469 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേവനാവകാശ നിയമം പ്രാബല്യത്തിൽ വരുത്തുന്നതിനായി കരട് ബിൽ തയ്യാറാക്കിയിട്ടുണ്ടോ ;

(ബി) എങ്കിൽ പകർപ്പ് ലഭ്യമാക്കുമോ ;

(സി) സേവനാവകാശ നിയമം നടപ്പിലാക്കുന്നത് സംബന്ധിച്ച് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നോ ;

(ഡി) ചർച്ചയിൽ ഉടലെടുത്ത നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ജനങ്ങൾക്കു ലഭിക്കേണ്ട സേവനം സമയബന്ധിതമായി നടപ്പാക്കാൻ നടപടി</u>

1470 ശ്രീ.പി. ഉബൈദുള്ള
,, സി. മോയിൻകുട്ടി
,, മഞ്ഞളാംകുഴി അലി
,, പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിൽ നിന്നും ജനങ്ങൾക്കുലഭിക്കേണ്ട സേവനം സമയബന്ധിതമായി നടപ്പാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) ജനങ്ങൾക്ക് നിർദ്ദിഷ്ട സമയത്ത് സേവനം ലഭിക്കുന്നത്തിന് സേവനാവകാശ നിയമത്തിന്റെ പരിധിയിൽ വരുന്ന കാര്യങ്ങൾ വിശദീകരിക്കാമോ ;

(സി) സേവനം നിശ്ചിത സമയത്തിനുള്ളിൽ നൽകിയില്ലെങ്കിൽ ഉണ്ടാകാവുന്ന ശിക്ഷാ നടപടികൾ വിശദീകരിക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കാർഷിക മേഖലയെ സംബന്ധിച്ച പരാമർശത്തിലെ വിശദാംശങ്ങൾ

1471 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എഞ്ചിനീയേർസിന്റെ നേതൃത്വത്തിൽ നൂതന കാർഷിക യന്ത്രവൽക്കരണത്തെക്കുറിച്ച് നടന്ന ദേശീയ സെമിനാറിൽ കാർഷിക യന്ത്രങ്ങൾക്ക് പുറംതിരിഞ്ഞുനിന്നതിന്റെ ഫലമാണ് കാർഷിക മേഖല പിന്നോട്ട് പോകാൻ കാരണമെന്ന് മുഖ്യമന്ത്രി പ്രസംഗിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് രേഖയുടെ അടിസ്ഥാനത്തിലാണ് ഇത്തരത്തിൽ ഒരു പ്രസ്താവന നടത്തിയതെന്ന് വെളിപ്പെടുത്തുമോ;

(സി) കേരള സംസ്ഥാന രൂപീകരണത്തിനുശേഷം സർക്കാർ നിയോഗിച്ച ഏതെങ്കിലും സാങ്കേതിക പഠന സമിതിയോ, ചരിത്രാവലോകന സമിതിയോ ഇതിനകം ആരെങ്കിലും കാർഷിക മേഖലയിലെ യന്ത്രങ്ങൾക്ക് പുറംതിരിഞ്ഞുനിന്നു എന്ന് നിരീക്ഷിച്ചതായി ഏതെങ്കിലും റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ</u>

1472 ശ്രീ. റോഷി അഗസ്റ്റിൻ
,, പി. സി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കോടതികളിൽ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ;

(സി) അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള പ്രഥമിക ലിസ്റ്റിൽ എത്ര കോടതികൾ ഉൾപ്പെട്ടിട്ടുണ്ട്; ആയതിലേക്ക് എത്ര തുക വകയിരുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>നീതിന്യായ സംവിധാനത്തിനെതിരെ പരാതി</u>

1473 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
,, ഇ. പി. ജയരാജൻ
,, പി.റ്റി.എ. റഹീം
,, എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നീതിന്യായ സംവിധാനത്തിന്റെ സ്വാതന്ത്ര്യത്തേയും നിഷ്പക്ഷതയേയും തകർക്കാനുള്ള ചില ശ്രമങ്ങൾ സംസ്ഥാനത്ത് നടക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരം പ്രവണതകളെ നിയന്ത്രിക്കാൻ നടപടിയെടുക്കുമോ ;

(സി) ജഡ്ജിമാർക്കെതിരെ വ്യക്തിപരമായി രേഖാമൂലം പരാതികൾ ഉന്നയിക്കപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ടോ ; എങ്കിൽ ഔദ്യോഗിക ആപ്പീസ് ഉപയോഗിച്ച് ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളെത്രയാണ് ; ഇത് ഭരണഘടനാനുസൃതമായിട്ടാണോ കത്തയച്ചത് ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

നയപരമായ കാര്യങ്ങളിൽ നിലപാട് പ്രഖ്യാപിക്കുന്ന നടപടി

1474 ശ്രീ. ജി. സുധാകരൻ
,, രാജു എബ്രഹാം,
,, സാജു പോൾ
,, കെ. കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നയപരമായ കാര്യങ്ങളിൽ സർക്കാരിന്റെ നിലപാട് പ്രഖ്യാപിക്കുന്നതിനുള്ള അധികാരങ്ങൾ ആർക്കെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(ബി) മന്ത്രിമാരും ചീഫ് വിപ്പും നടത്തുന്ന പ്രഖ്യാപനങ്ങളോട്
ഉത്തരവാദിത്വമുണ്ടോ ;

(സി) മന്ത്രിമാർ നടത്തിയ ഏതെങ്കിലും പ്രഖ്യാപനങ്ങളും തീരുമാനങ്ങളും പിന്നീട് പിൻവലിക്കേണ്ടതായി വന്നിട്ടുണ്ടോ; ഇതിനിടയായ സാഹചര്യം എന്തായിരുന്നു ;

(ഡി) പത്രക്കുറിപ്പുകൾ പുറപ്പെടുവിക്കുന്നതിനെക്കുറിച്ച് ഇപ്പോൾ പൊതുഭരണ വകുപ്പ് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടോ; ഇതിനിടയാക്കിയ സാഹചര്യം എന്തായിരുന്നു; ഇത് മന്ത്രിമാർക്കും ബാധകമാക്കേണ്ട സാഹചര്യമുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ചീഫ് വിപ്പിനെതിരെ നടപടി</u>

1475 ശ്രീ. എ. കെ. ബാലൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗവൺമെന്റ് ചീഫ് വിപ്പ് ജഡ്ജിക്കെതിരെ ആർക്കൊക്കെയാണ് കത്തയച്ചിട്ടുളളത്;

(ബി) അതിന്റെ ഉളളടക്കം എന്താണ് ;

(സി) പ്രസ്തുത കത്ത് നിയമപരമാണോ ;

(ഡി) ഭരണഘടനാപരമായി പ്രസ്തുത നടപടി ശരിയാണോ ;

(ഇ) ഭരണഘടനാവിരുദ്ധമെന്ന വി. ഡി. സതീശൻ എം. എൽ. എ. യുടെ പ്രതികരണം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; കത്തിലെ നിലപാടിനോട് യോജിക്കുന്നുണ്ടോ; ഇല്ല എങ്കിൽ ഭരണഘടനാവിരുദ്ധമായി പ്രവർത്തിച്ച ചീഫ് വിപ്പിനെതിരെ എന്ത് നടപടി സ്വീകരിക്കാനാണുദ്ദേശിക്കുന്നത് ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഭൂചലനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട്</u>

1476 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 2011 ജൂലൈ 26 ന് ഇടുക്കി, കോട്ടയം ജില്ലകളിലുണ്ടായ ഭൂചലനത്തെ സംബന്ധിച്ചുള്ള റിപ്പോർട്ട് പരിശോധിച്ചിരുന്നോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) ഏതെല്ലാം സ്ഥലങ്ങളിൽ എത്ര വീതമാണ് റിക്ടർ സ്കെയിലിൽ ഭൂചലനം രേഖപ്പെടുത്തിയത്;

(സി) ഭൂചലനത്തെ തുടർന്ന് നാശനഷ്ടങ്ങൾ ഉണ്ടായവർക്ക് എന്തെങ്കിലും സഹായം നൽകിയിരുന്നുവോ; ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കോലഞ്ചേരി പള്ളി സഭാതർക്കം</u>

1477 ശ്രീ. കെ. സുരേഷ് കുറുപ്പ്
,, രാജു എബ്രഹാം
,, ആർ. സെൽവരാജ്
,, ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോലഞ്ചേരി പള്ളി അവകാശത്തെപ്പറ്റിയുള്ള സഭാ തർക്കം പരിഹരിക്കുന്നതിന് സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാം ;

(ബി) പ്രസ്തുത പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഭാ തർക്കം സംബന്ധിച്ച് വിശദമാക്കാമോ ; ഇക്കാര്യത്തിൽ നിയമാനുസൃതം നടത്തേണ്ടിയിരുന്ന നടപടി എന്തായിരുന്നു ;

(സി) പ്രസ്തുത തർക്കം മൂലം ഏതെങ്കിലും പള്ളികൾ അടഞ്ഞുകിടക്കുന്നുണ്ടോ ; വ്യക്തമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മാറാട് സംഭവം</u>

1478 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് സംഭവത്തെ തുടർന്നുണ്ടായ സംഘർഷാവസ്ഥയ്ക്ക് പരിഹാരം കാണാൻ അന്നത്തെ മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ ഗാന്ധിയൻ ശ്രീ. ഗോപിനാഥൻ നായരും, കോഴിക്കോട് പ്രസ്സ് ക്ലബ് പ്രതിനിധികളും, വിവിധ സംഘടനാ നേതാക്കളും പങ്കെടുത്ത് ഉണ്ടാക്കിയ ഒത്തു തീർപ്പ് വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സംഭവത്തെ സംബന്ധിച്ച് സി.ബി.ഐ. അന്വേഷണം നടത്താൻ ശുപാർശ ചെയ്യുന്നതിന് അന്നത്തെ സർക്കാർ സന്നദ്ധമാകാതിരുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) സി.ബി.ഐ. അന്വേഷണം നടത്താൻ ആരെല്ലാം ആവശ്യപ്പെട്ടിരുന്നു;

(ഡി) അന്വേഷണത്തെ ആരെല്ലാം എതിർത്തിരുന്നു?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിലെ സുരക്ഷാ സംവിധാനം

1479 ശ്രീ. ബെന്നി ബെഹനാൻ
,, ഡൊമിനിക് പ്രസന്റേഷൻ
,, വി. പി. സജീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭ സ്വാമി ക്ഷേത്രത്തിന്റെ സുരക്ഷക്ക് ഇപ്പോൾ എന്തെല്ലാം ക്രമീകരണങ്ങളാണ് നടത്തിയിട്ടുള്ളത്;

(ബി) സുരക്ഷക്ക് കേന്ദ്ര സേനയുടെ ആവശ്യമുണ്ടെന്നു കരുതുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള കാരണമെന്താണ്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഇതു സംബന്ധിച്ച് സുപ്രീംകോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ എന്തെല്ലാം ;

(ഡി) യാതൊരു വിധ പഴുതുകളും ഇല്ലാതെ സുരക്ഷ ഉറപ്പാക്കുന്നതിന് അത്യാധുനിക സംവിധാനങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് ആലോചിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഹര്‍ത്താലുകള്‍ നിയന്ത്രിക്കേണ്ട ആവശ്യം</u>

1480 ശ്രീ. മഞ്ഞളാംകുഴി അലി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംസ്ഥാനത്ത് അടിക്കടിയുണ്ടാകുന്ന ഹര്‍ത്താലുകള്‍ നിയന്ത്രിക്കേണ്ടത് ആവശ്യമാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ബന്ദ് നിരോധിച്ചതിനുശേഷം ഹര്‍ത്താലുകളെ ബലം പ്രയോഗിച്ച് ബന്ദ് ആക്കി മാറ്റുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(സി) ഹര്‍ത്താല്‍ വിജയിക്കുന്നതിനുള്ള കാരണങ്ങള്‍ പരിശോധിക്കുമോ;

(ഡി) ചില ചെറിയ സംഘടനകള്‍ പോലും നിസാര കാരണങ്ങള്‍ക്ക് ഹര്‍ത്താലുകള്‍ പ്രഖ്യാപിച്ച് ജനജീവിതം സ്തംഭിപ്പിക്കുന്നത് വിലയിരുത്തുമോ;

(ഇ) ഒരു വര്‍ഷത്തില്‍ത്തന്നെ നിരവധി പ്രാവശ്യം പെട്രോള്‍ ഡീസല്‍ വില വര്‍ദ്ധിപ്പിക്കുന്നതും കേരളത്തില്‍ മാത്രം ഓരോ വിലവര്‍ധനവിനും ഹര്‍ത്താലുകള്‍ പ്രഖ്യാപിച്ചുകൊണ്ടിരിക്കുന്നതും വിലയിരുത്തുമോ;

(എഫ്) അടിക്കടിയുണ്ടാകുന്ന മിന്നല്‍ ഹര്‍ത്താലുകളെത്തുടര്‍ന്ന് മുന്‍കൂട്ടി ടിക്കറ്റെടുത്ത് തീവണ്ടികളിലും മറ്റും വന്നിറങ്ങുന്ന രോഗികള്‍ ഉള്‍പ്പെടെയുള്ള സാധാരണക്കാര്‍ ബുദ്ധിമുട്ടുന്നത് ഗൗരവമായി കാണുമോ;

(ജി) കേന്ദ്ര സര്‍ക്കാരിനെതിരെയും മറ്റും കാരണങ്ങള്‍ പറഞ്ഞു നടത്തുന്ന ഹര്‍ത്താലുകള്‍ നിയന്ത്രിക്കാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ വാതക പൈപ്പ് ലൈൻ</u>

1481 ശ്രീ. പി. ഉബൈദുള്ള
,, പി. ബി. അബ്ദുൾ റസാക്
,, മഞ്ഞളാംകുഴി അലി
,, സി. മോയിൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയുടെ നിർദ്ദിഷ്ട വാതക പൈപ്പ് ലൈൻ കൊച്ചിയിൽ നിന്നും മംഗലാപുരം വഴി കൊണ്ടുപോകുന്നതിനുള്ള സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് കേന്ദ്ര സർക്കാരിൽ നിന്നോ ഗ്യാസ് അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നോ എന്തെങ്കിലും അറിയിപ്പുകൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) അപകടകരമായ വാതക പൈപ്പ് ലൈൻ ജനവാസകേന്ദ്രങ്ങളിലൂടെ കൊണ്ടുപോകുന്നതിനുള്ള നീക്കം ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണിയുണ്ടാക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിയമാനുസൃതം പാരിസ്ഥിതിക, സാമൂഹിക സാമ്പത്തിക ആഘാത പഠനങ്ങൾ നടത്താതെയുള്ള ഇത്തരം പദ്ധതികളിൽ നിന്നും പിന്തിരിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പെട്രോൾ വില</u>

1482 ശ്രീ. എ. കെ. ശശീന്ദ്രൻ
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പെട്രോൾ വില വർദ്ധിപ്പിച്ചതിനെതിരെ സംസ്ഥാന സർക്കാർ ജന വികാരം മനസ്സിലാക്കി കേന്ദ്ര സർക്കാരിനെ പ്രതിഷേധം അറിയിച്ചിട്ടുണ്ടോ ;

(ബി) എണ്ണ കമ്പനികളുടെ കൺസോർഷ്യത്തിന് എണ്ണ വില നിശ്ചയിക്കാനുള്ള അധികാരം എടുത്തുകളയണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ ;

(സി) പെട്രോളിയം കമ്പനികളുടെ മേഖലയെ നിയന്ത്രണത്തിലേക്ക് കൊണ്ടുവരാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

വയനാട്ടിൽ പ്രക്ഷോഭം അവസാനിപ്പിക്കുന്നതിനായി നടപടി

1483 ശ്രീ. കെ. രാധാകൃഷ്ണൻ
,, എ. പ്രദീപ്കുമാർ
ശ്രീമതി. കെ. കെ. ലതിക
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാടിനെ ബഡ്ജറ്റിൽ അവഗണിച്ചതിലും എം.എൽ.എ കയ്യേറിയ ഭൂമി, കോടതി വിധിപ്രകാരം തിരിച്ചെടുക്കാത്തതിലും പ്രതിഷേധിച്ച്, വയനാട്ടിൽ ജനങ്ങൾ പ്രക്ഷോഭം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രക്ഷോഭത്തിലേർപ്പെക്കിരിക്കുന്നവർക്ക് നേരെ, ബത്തേരിയിൽ പോലീസ് ലാത്തിച്ചാർജ്ജ് നടത്തുകയുണ്ടായോ ; സംഭവത്തിൽ എത്രപേർക്ക് പരിക്കുപറ്റുകയുണ്ടായി ;

(സി) പ്രക്ഷോഭം അവസാനിപ്പിക്കുന്നതിനായി എന്ത് നടപടി സ്വീകരിക്കുകയുണ്ടായി ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>വിമാന ടിക്കറ്റ് വിലവര്‍ദ്ധനയ്ക്കെതിരെ നടപടി</u>

1484 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സീസണ്‍ സമയത്ത് പൊതുമേഖലാ കമ്പനികളടക്കം വിമാന ടിക്കറ്റ് നിരക്കുകള്‍ കുത്തനെ വര്‍ദ്ധിപ്പിക്കുന്നത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കില്‍ നിരക്ക് കുറയ്ക്കുന്നതിന് കേന്ദ്ര ഗവണ്‍മെന്റിനോട് അഭ്യര്‍ത്ഥിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

വിമാനടിക്കറ്റ് ചാർജ്ജ് വർദ്ധനവ് പിൻവലിക്കാൻ നടപടി

1485 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

ഓണം, റംസാൻ, ക്രിസ്തുമസ് തുടങ്ങിയ ആഘോഷ വേളകളിൽ നാട്ടിലെത്തുന്ന വിദേശമലയാളികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന സീസൺ അനുസരിച്ചുള്ള വിമാന ടിക്കറ്റ് ചാർജ്ജ് വർദ്ധനവ് പിൻവലിക്കുന്നതിനും ഏകീകൃത ചാർജ്ജ് നടപ്പിലാക്കുന്നതിനും കേന്ദ്ര ഗവൺമെന്റിനോടാവശ്യപ്പെടുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ഫയലുകളിൽ തീർപ്പ് കൽപ്പിക്കാൻ നടപടി

1486 ശ്രീ. സി. പി. മുഹമ്മദ്
,, ബെന്നി ബെഹനാൻ
,, പാലോട് രവി
,, അൻവർ സാദത്ത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഓഫീസുകളിൽ സാധാരണ ജനങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾ ഒഴിവാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഉദ്യോഗസ്ഥൻമാർ അവരുടെ ജോലി ഉപേക്ഷ കൂടാതെ നിർവ്വഹിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ഫയൽ തീർപ്പാക്കൽ

1487 ശ്രീ. എ. കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ നൂറുദിന പരിപാടിയുടെ ഭാഗമായുള്ള ഫയൽ തീർപ്പാക്കൽ യജ്ഞത്തിന്റെ ഭാഗമായി നടന്ന റിപ്പോർട്ടിൽ വിവിധ സർക്കാർ വകുപ്പുകളിലായി തീരുമാനം കാത്തു കിടക്കുന്ന എത്ര ഫയലുകൾ ഉണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) രണ്ടു വർഷത്തിലധികമായി അന്തിമ തീരുമാനം കാത്തു കിടക്കുന്ന എത്ര ഫയലുകൾ ഉണ്ടെന്ന് വെളിപ്പെടുത്താമോ; മേൽപ്പറഞ്ഞ ഫയലുകളിൽ അന്തിമ തീരുമാനം കൈക്കൊള്ളുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ;

(സി) ഫയലുകൾ പെൻഡിംഗ് വയ്ക്കുന്ന വകുപ്പുകളെ പ്രത്യേകം നിരീക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) ഓരോ മാസവും ഫയലുകളുടെ തീർപ്പുകളെ സംബന്ധിച്ച റിപ്പോർട്ട് ശേഖരിക്കാൻ വകുപ്പുതലവന്മാരെ ചുമതലപ്പെടുത്തുകയും കൺസോളിഡേറ്റഡ് റിപ്പോർട്ട് ചീഫ് സെക്രട്ടറിക്ക് നൽകണമെന്ന നിർദ്ദേശം നടപ്പിൽ വരുത്തുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഫയലുകൾ തീർപ്പാക്കുന്നതിന് നടപടി</u>

1488 ശ്രീ. സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണസംവിധാനത്തിലെ അപാകതമൂലം ഫയലുകൾ തീർപ്പാക്കുന്നതിന് കാലതാമസമുണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഭരണസംവിധാനത്തിലെ ഈ അപാകത പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സെക്രട്ടേറിയറ്റിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്താന്‍ നടപടി</u>

1489 ശ്രീ. എം.വി. ശ്രേയാംസ് കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാരിന്റെ 100 ദിന കര്‍മ്മപരിപാടിയില്‍പ്പെടുത്തി സെക്രട്ടേറിയറ്റിന്റെ പ്രവര്‍ത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികള്‍ വിശദമാക്കുമോ;

(ബി) ഫയലുകളുടെ തല്‍സ്ഥിതി അറിയാനുള്ള സംവിധാനമായ ഐഡിയാസ്-ന്റെ പ്രവര്‍ത്തനം വിപുലപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഐഡിയാസിന്റെ ഫയല്‍ സെര്‍ച്ച് എന്ന ഓപ്ഷനിലൂടെ സെക്രട്ടേറിയറ്റിലെ ഫയലുകളുടെ നിജസ്ഥിതി പൊതുജനങ്ങള്‍ക്കും അറിയുന്നതിനുള്ള സൗകര്യം ഏര്‍പ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

അവശ്യസർവ്വീസ് നടപടി

1490

ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അവശ്യസർവ്വീസായി പ്രഖ്യാപിച്ചിട്ടുള്ളത് ഏതെല്ലാം ഡിപ്പാർട്ട്മെന്റാണെന്ന് അറിയിക്കുമോ;

(ബി) മറ്റു ഡിപ്പാർട്ട്മെന്റിൽ നിന്നും എന്തെല്ലാം കാര്യങ്ങളിലാണ് നിയന്ത്രണങ്ങൾ ഉള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) സംസ്ഥാന ആരോഗ്യമേഖലയെ അവശ്യസർവ്വീസിൽപ്പെടുത്തുമോ; എങ്കിൽ പകർച്ചപ്പനി പോലുള്ള ദുരന്തകാലത്തു പോലും പണിമുടക്കുപോലുള്ള സമരവുമായി രംഗത്തുവന്ന ഡോക്ടർമാർക്കെതിരെ പ്രസ്തുത നിയമത്തിന്റെ പരിധിയിൽപ്പെടുത്തി നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ

1491 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സിവിൽ സർവ്വീസ് കാര്യക്ഷമമാക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) ഇക്കാര്യത്തിൽ പുതിയ നിയമ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഐ. എ. എസ്,ഐ. പി. എസ്. കോഴ്സുകളിലേക്ക് സ്ഥിരം പരിശീലന കേന്ദ്രം</u>

1492 ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയുടെ വിദ്യാഭ്യാസവും സാമൂഹ്യപരവുമായ പിന്നോക്കാവസ്ഥ കണക്കിലെടുത്ത് ഐ. എ. എസ്, ഐ. പി. എസ് പോലെ ഉന്നതമായ കോഴ്സുകളിലേക്ക് സ്ഥിര പലിശീലന കേന്ദ്രം ജില്ലയിൽ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ'

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഐ. എ. എസ്, ഐ. പി. എസ് ഉദ്യോഗസ്ഥരുടെ ക്ഷാമം

1493 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എല്ലാ വകുപ്പുകളിലും പൂർണ്ണ ചുമതലയോടുകൂടി വകുപ്പ് അദ്ധ്യക്ഷൻമാർ ചുമതല വഹിക്കുന്നുണ്ടോ;

(ബി) ഏതെല്ലാം വകുപ്പുകളിലാണ് വകുപ്പ് അദ്ധ്യക്ഷൻമാർക്ക് അധിക ചുമതലകൾ നൽകിയിട്ടുളളത്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ഐ. എ. എസ് ഉദ്യോഗസ്ഥർ കേന്ദ്ര സർവ്വീസിലേയ്ക്ക് ഡപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നുള്ള വിവരം നൽകുമോ ;

(ഡി) കേരളത്തിൽ ആവശ്യമായ ഐ. എ. എസ്, ഐ. പി. എസ്, ഐ. എഫ്. എസ് ഉദ്യോഗസ്ഥരുടെ എണ്ണമെത്ര; ആവശ്യമായ ഉദ്യോഗസ്ഥർ നിലവിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ടോ; ഇല്ല എങ്കിൽ ആയതിന്റെ കാരണം വിശദമാക്കുമോ; ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെട്ടവരുടെ വിവരങ്ങൾ</u>

1494 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അഖിലേന്ത്യാ സർവ്വീസിൽ ഉൾപ്പെട്ട് സേവനത്തിനായി കേരളം തെരഞ്ഞെടുത്ത ആകെ ഉദ്യോഗസ്ഥർ എത്രയെന്നും ഓരോ വിഭാഗത്തിലും എത്ര ഉദ്യോഗസ്ഥർ വീതം ഉണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്രപേർ ദീർഘമായ അവധിയിലാണെന്നും എത്രപേർ കേന്ദ്ര ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നും മറ്റേതെങ്കിലും മേഖലകളിലേയ്ക്ക് ഡെപ്യൂട്ടേഷനിൽ പോയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) ഇവരിൽ ആരെങ്കിലും അനധികൃതമായി അവധിയിലാണോയെന്നും അവരുടെ പേരുവിവരവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സ്റ്റേറ്റ് സിവിൽ സർവ്വീസ്</u>

1495 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭരണപരിഷ്കാരത്തിന്റെ ഭാഗമായി സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) സ്റ്റേറ്റ് സിവിൽ സർവ്വീസ് നടപ്പിലാക്കുന്നതിന് മുൻപ് സംസ്ഥാനത്തു നിന്നുളള ഐ.എ.എസ്. തസ്തികയിലേക്കുളള പ്രൊമോഷന്റെ മാനദണ്ഡത്തിൽ മാറ്റം വരുത്തുവാൻ കാരണമെന്ത്;

(സി) അരനൂറ്റാണ്ടിലധികമായി നിലവിലുളള ഒരു സംവിധാനത്തിൽ മാറ്റം വരുത്തുന്നതിന് മുൻപ് സർവ്വീസ് സംഘടനകളുമായി ചർച്ച നടത്തിയിരുന്നുവോ;

(ഡി) ഇതുമായി ബന്ധപ്പെട്ട എന്തെങ്കിലും പഠനം നടത്തുകയുണ്ടായോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ട്; പഠനം നടത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ മിനിറ്റ്സും, റിപ്പോർട്ടിന്റെ പകർപ്പും ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പേഴ്സണൽ സ്റ്റാഫ് അംഗത്തിന്റെ വീട്ടുജോലിക്കാരിയെ കാണാതായ സംഭവം</u>

1496 ശ്രീ.പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ പേഴ്സണൽ സ്റ്റാഫംഗത്തിന്റെ വീട്ടുജോലിക്കാരിയെ കാണാതായത് സംബന്ധിച്ച പരാതി മ്യൂസിയം പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടുണ്ടോ ; എങ്കിൽ അത് സംബന്ധിച്ച് രജിസ്റ്റർ ചെയ്ത്കേസിന്റെ നമ്പരും, പരാതിയുടെയും മൊഴിയുടെയും പകർപ്പും ലഭ്യമാക്കുമോ ;

(ബി) വീട്ടു ജോലിക്കാരിയുടെ വയസ്സ് എത്രയായിരുന്നു ; ഈ പെൺകുട്ടിയെ മാനസികമായോ,ശാരീരികമായോ പീഡിപ്പിച്ചതായി പരാതി ഉണ്ടായിട്ടുണ്ടോ ; എങ്കിൽ പ്രതിയെ അറസ്റ്റ് ചെയ്തിട്ടുണ്ടോ ; ഇല്ലെങ്കിൽ അതിനുള്ള കാരണം വിശദമാക്കുമോ ;

(സി) ജുവൈനൽ ജസ്റ്റീസ് ബോർഡനിനുമുമ്പിൽ പേഴ്സണൽ സ്റ്റാഫ് അംഗവും, പെൺകുട്ടിയും മൊഴി നല്കിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ കുട്ടിക്ക് പ്രായപൂർത്തിയായിട്ടില്ലെങ്കിൽ, അങ്ങിനെയുള്ള കുട്ടിയെ വീട്ടുജോലിയ്ക്ക് നിർത്തിയ വ്യക്തിക്കെതിരായി ബന്ധപ്പെട്ട നിയമപ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ കേസിന്റെ നമ്പരും ഇത് സംബന്ധിച്ച കേസുകളുടെയെല്ലാം ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മുഖ്യമന്ത്രി, മന്ത്രിമാർ എന്നിവർക്ക് വേണ്ടി വാങ്ങിയ ഇലക്ട്രോണിക് ഉപകരണങ്ങൾ

1497 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം മുഖ്യമന്ത്രിയുൾപ്പെടെ മന്ത്രിമാരുടെ ഓഫീസ്കളിലേയ്ക്കും വീടുകളിലേയ്ക്കും കമ്പ്യൂട്ടർ അടക്കമുള്ള ഇലക്ട്രോണിക്സ് ഉപകരണങ്ങളും ഫർണിച്ചറുകളും വാങ്ങിയ ഇനത്തിൽ എത്ര തുക ചിലവായി എന്ന് അറിയിക്കുമോ;

(ബി) ഇനം തിരിച്ച്, ഓരോ മന്ത്രിമാർക്കുവേണ്ടിയും വാങ്ങിയതിന്റെ കണക്ക് ലഭ്യമാക്കുമോ;

(സി) ഏതെല്ലാം സ്ഥാപനങ്ങളിൽ നിന്നാണ് ഇവ പർച്ചേസ്ചെയ്തതെന്നും വ്യക്തമാക്കുമേ?

## കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

പ്രതിപക്ഷ നേതാവിന്റെ പേഴ്സണ്‍ സ്റ്റാഫ് വിവരങ്ങള്‍

1498 ശ്രീ. പി.കെ. ബഷീര്‍
,, പി.ബി. അബ്ദുള്‍ റസാക്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പ്രതിപക്ഷ നേതാവിന്റെ പേഴ്സണല്‍ സ്റ്റാഫില്‍ എത്ര പേര്‍ ജോലിനോക്കുന്നു; ഇവരില്‍ കണ്ണൂര്‍ ജില്ലാ സ്വദേശികളായവരുടെ തസ്തിക, വിദ്യാഭ്യാസ യോഗ്യത എന്നിവ സംബന്ധിച്ച വിശദ വിവരം നല്‍കാമോ ;

(ബി) ഇവരില്‍ ആരെങ്കിലും ക്രിമിനല്‍ കേസില്‍ പ്രതിയായിട്ടുണ്ടോ ; എങ്കില്‍ ആരൊക്കെയാണെന്നും ഏതൊക്കെ കേസുകളിലാണെന്നുമുള്ള വിവരം നല്‍കാമോ ;

(സി) ഏതെങ്കിലും കേസില്‍ ശിക്ഷിക്കപ്പെട്ടിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച വിശദ വിവരം നല്‍കാമോ ?

**വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതിനെതിരെ നടപടി**

T1499 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചില ബാങ്കുകൾ വിദ്യാഭ്യാസ വായ്പ നിഷേധിക്കുന്നതായ പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) യഥാസമയം അപേക്ഷ നൽകിയിട്ടും വിദ്യാഭ്യാസ വായ്പ നൽകാത്ത ബാങ്കുകൾക്കെതിരെ എന്തെല്ലാം നടപടി സ്വീകരിക്കുവാൻ സംസ്ഥാന സർക്കാരിന് അധികാരമുണ്ടെന്ന് വ്യക്തമാക്കുമോ?

## ക്രമവിരുദ്ധമായി ഈട് ആവശ്യപ്പെടുന്ന ബാങ്കുകൾ

O1500 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പയ്ക്കായുള്ള അപേക്ഷകളിൽ സർക്കാർ നയത്തിന് വിരുദ്ധമായി പല ബാങ്കുകളിലും ഈടുകൾ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(ബി) വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ ?

## പെട്രോനെറ്റ് എൽ.എൻ.ജി. പദ്ധതി

1501 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

പെട്രോനെറ്റ് എൽ.എൻ.ജി. എത്ര ടൺ കപ്പാസിറ്റിയാണ് ആദ്യഘട്ടത്തിൽ വിഭാവനം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ ; ആദ്യഘട്ടത്തിലെ പ്രോജക്റ്റ് കോസ്റ്റ് എത്രയാണ് ; പദ്ധതി എന്നത്തേക്ക് കമ്മീഷൻ ചെയ്യുമെന്ന് വ്യക്തമാക്കുമോ ?

## വയനാട് സമഗ്ര വികസന പാക്കേജ്

1502 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട് സമഗ്ര വികസന പാക്കേജ് നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ബി) ജില്ലയിലെ ഏതെല്ലാം മേഖലകളുടെ വികസനത്തിനാണ് പ്രസ്തുത പാക്കേജിലൂടെ ലക്ഷ്യമിടുന്നതെന്ന് ഓരോ മേഖലതിരിച്ചുളള വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) വികസനകാര്യത്തിൽ പിന്നോക്കം നിൽക്കുന്ന വയനാട് ജില്ലയുടെ സമഗ്ര വികസനത്തിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ ?

## ഈ സർക്കാർ റദ്ദുചെയ്ത മുൻസർക്കാരിന്റെ തീരുമാനങ്ങൾ

1503 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

2011 ജനുവരി മുതൽ മുൻ സർക്കാർ എടുത്ത ഏതെല്ലാം തീരുമാനങ്ങളാണ് ഈ സർക്കാർ റദ്ദു ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

## വിശ്വകർമ്മാവിന്റെ ജന്മദിനം പൊതു അവധിയാക്കാൻ നടപടി

1504 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിശ്വകർമ്മാവിന്റെ ജന്മദിനമായ ചിങ്ങമാസത്തിലെ ഋഷി പഞ്ചമിദിനം, സർക്കാർ പൊതു അവധിയാക്കി പ്രഖ്യാപിക്കണമെന്നാവശ്യപ്പെട്ട്, വിശ്വകർമ്മ മഹാസഭ, സർക്കാരിന് നിവേദനം നൽകിയിട്ടുണ്ടോ; ഈ ദിനം പൊതുഅവധിയായി പ്രഖ്യാപിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) തിരുവിതാംകൂർ, കൊച്ചി, മലബാർ ദേവസ്വം ബോർഡുകളിൽ, വിശ്വകർമ്മജരുടെ ഓരോ പ്രതിനിധിയെ വീതം അംഗങ്ങളാക്കണമെന്ന ആവശ്യം പരിഗണിക്കാൻ സ്വീകരിച്ചുള്ള നടപടികൾ എന്തെന്ന് വ്യക്തമാക്കാമോ;

(സി) തിരുവിതാംകൂർ ദേവസ്വം ബോർഡിലെ മൂത്താശാരി തസ്തിക, വിശ്വകർമ്മ വിഭാഗത്തിനു മാത്രമായി സംവരണം ചെയ്യാൻ നിലവിൽ എന്തെങ്കിലും തടസ്സമുണ്ടോ; എങ്കിൽ അത് എന്താണെന്ന് വ്യക്തമാക്കാമോ; ഈ തസ്തികയിൽ വിശ്വകർമ്മ വിഭാഗത്തിൽപ്പെടുന്നവരെ മാത്രം നിയമിക്കുന്നതിനായി നിയമത്തിൽ ആവശ്യമായ പരിഷ്ക്കാരങ്ങൾ വരുത്തുന്നതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

# പെൻഷൻ പ്രായം സംബന്ധിച്ച് യുവജനസംഘടനകളുമായി ചർച്ച

1505 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ യുവജനസംഘടനകളുമായി സർക്കാർ ജീവനക്കാരുടെ പെൻഷൻ പ്രായം സംബന്ധിച്ച് സർക്കാർ ചർച്ച ചെയ്തിട്ടുണ്ടോ;

(ബി) പെൻഷൻ പ്രായം വർദ്ധിപ്പിക്കുമ്പോൾ തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണെന്ന് പറയാമോ;

(സി) ഇതു പരിഹരിക്കാനും യുവാക്കളുടെ ആശങ്കകൾ ഇല്ലാതാക്കുവാനും എന്തെല്ലാം നടപടികളാണ് ഈ സർക്കാർ കൈക്കൊള്ളാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

## പെൻഷൻ പ്രായം ഉയർത്തിയാലുണ്ടാകുന്ന പ്രത്യാഘാതങ്ങൾ

1506 ഡോ. ടി.എം. തോമസ് ഐസക്
ശ്രീ. റ്റി.വി. രാജേഷ്
'' കെ. കുഞ്ഞമ്മത് മാസ്റ്റർ
'' കെ.കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് ഒരു മന്ത്രിസഭാ ഉപസമിതി രൂപികരിച്ച് പ്രവർത്തനങ്ങൾ നടന്നുവരുന്നുണ്ടോ ;

(ബി) സംസ്ഥാനത്തെ ഭീമമായ തൊഴിലില്ലായ്മ കണക്കിലെടുത്തിട്ടുണ്ടോ ;

(സി) സംഘടിത മേഖലയിൽ തൊഴിലവസരങ്ങൾ വൻതോതിൽ കുറഞ്ഞിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത തീരുമാനം യുവജനങ്ങളെ ദോഷകരമായി ബാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) കേരളത്തിലെ സാമൂഹ്യ സാഹചര്യങ്ങൾക്ക് യോജിക്കാത്തതും ഗുരുതരമായ സാമൂഹിക പ്രശ്നങ്ങൾക്ക് ഇടയാക്കുന്നതുമായ ഈ തീരുമാനത്തിൽ നിന്ന് പിന്തിരിയുമോ ?

## പെൻഷൻ പ്രായം ഉയർത്തുന്നത് പഠിക്കാൻ ഉപസമിതി

1507 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ ജീവനക്കാരുടെയും അദ്ധ്യാപകരുടെയും പെൻഷൻ പ്രായം ഉയർത്തുന്നത് സംബന്ധിച്ച് പഠിക്കാൻ ഉപസമിതി രൂപീകരിച്ചിട്ടുണ്ടോ; പരിഗണിക്കുന്ന വിഷയങ്ങൾ ഏതൊക്കെയാണ്; അംഗങ്ങൾ ആരൊക്കെയാണ്;

(ബി) 2006-07 മുതൽ 2010-11 വരെയുള്ള 5 വർഷം എത്ര ജീവനക്കാരും അദ്ധ്യാപകരും സർവ്വീസിൽ നിന്നും വിരമിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വിശദമാക്കുമോ ;

(സി) മേൽ കാലയളവിൽ ഓരോ വർഷവും എത്രപേർക്ക് പി. എസ്. സി. മുഖാന്തിരം നിയമനം നൽകിയിട്ടുണ്ട്;

(ഡി) 2001-02 മുതൽ 2005-06 വരെയുള്ള 5 വർഷം എത്ര ജീവനക്കാരും അദ്ധ്യാപകരും സർവ്വീസിൽനിന്ന് വിരമിച്ചിട്ടുണ്ടെന്ന് വർഷം തിരിച്ച് വ്യക്തമാക്കുമോ ;

(ഇ) മേൽ കാലയളവിൽ ഓരോ വർഷവും എത്രപേർക്ക് പി. എസ്. സി. മുഖാന്തിരം നിയമനം നൽകിയിട്ടുണ്ട്?

## <u>പബ്ലിക് സർവ്വീസ് കമ്മീഷന്റെ പ്രവർത്തനങ്ങൾ വേഗത്തിലാക്കാൻ നടപടി</u>

1508 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പബ്ലിക് സർവ്വീസ് കമ്മീഷന്റെ നടപടികൾ വേഗത്തിലും, സുതാര്യതയിലും ആക്കുന്നതിനായി 2006 ജൂൺ മുതൽ 2011 മാർച്ച് വരെ എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചതെന്ന് വിശദീകരിക്കുമോ;

(ബി) പി. എസ്. സി. യുടെ ഒ. എം. ആർ. പരീക്ഷാ ഉത്തരക്കടലാസ്സ് ഷീറ്റുകൾ ഫീസടച്ചാൽ പരീക്ഷാർത്ഥിക്ക് നൽകുന്നതിന് നിലവിൽ സംവിധാനം ഉണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത സംവിധാനം എത്രപേർ ഉപയോഗപ്പെടുത്തി;

(ഡി) സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിൽ വരുന്ന ഒഴിവുകൾ പി. എസ്. സി.യെ അറിയിക്കുന്നതിന് ചുരുങ്ങിയ കാലാവധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര;

(ഇ) പ്രസ്തുത കാലാവധിക്കകത്ത് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത കേസ്സുകൾ ശ്രദ്ധയിലുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾ എന്ന് വെളിപ്പെടുത്തുമോ;

(എഫ്) പി. എസ്. സി. നടത്തുന്ന വിവിധ പരീക്ഷകളുടെയും, ഇന്റർവ്യൂകളുടേയും കലണ്ടർ 5 വർഷത്തേയ്ക്കുള്ളത് മുൻകൂട്ടി പ്രസിദ്ധീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

## പി. എസ്. സിയുടെ പ്രവർത്തനം

1509 **ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ**

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി. എസ്. സി. യുടെ പ്രവർത്തനങ്ങൾ സർക്കാർ വിലയിരുത്താറുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ;

(ബി) 2006-10 കാലയളവിൽ പി. എസ്. സി. വഴി എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയതായി അറിയിക്കുമോ;

(സി) 2009-10-ൽ മാത്രമായി എത്രപേർക്ക് സർക്കാർ സർവ്വീസിൽ പി. എസ്. സി. വഴി നിയമനം നൽകി;

(ഡി) 2006-10-ൽ എത്ര തസ്തികകളിൽ, എത്ര പരീക്ഷകൾ നടത്തി റാങ്ക് ലിസ്റ്റുകൾ പ്രസിദ്ധീകരിച്ചു;

(ഇ) ഇനിയും പ്രസിദ്ധീകരിക്കാത്ത റാങ്കുലിസ്റ്റുകൾ ഉണ്ടോ; എങ്കിൽ ഉടൻ പ്രസിദ്ധീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഒറ്റത്തവണ രജിസ്ട്രേഷൻ പദ്ധതി

1510 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയമനനടപടികൾ വേഗത്തിലാക്കുന്നതിനായി പി.എസ്.സി. നടപ്പാക്കാനുദ്ദേശിക്കുന്ന ഒറ്റത്തവണ രജിസ്ട്രേഷൻ സംവിധാനത്തിന്റെ പുരോഗതി വ്യക്തമാക്കുമോ;

(ബി) ഒരേ യോഗ്യത നിശ്ചയിച്ച തസ്തികകൾക്ക് പൊതുപരീക്ഷകൾ നടപ്പാക്കുന്നതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പി.എസ്.സി. യിൽ കാലാനുസൃതമായി എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## പി. എസ്. സി. യിൽ നടപ്പിലാക്കിയ പരിഷ്ക്കാരങ്ങൾ

1511 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി. എസ്. സി. യിൽ ഉദ്യോഗാർത്ഥികളുടെ സൗകര്യാർത്ഥം എന്തെല്ലാം പരിഷ്ക്കാരങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ബി) വിവിധ തസ്തികകൾക്ക് അപേക്ഷിക്കുന്നതിന് ഏർപ്പെടുത്തിയ പുതിയ സംവിധാനങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

## പി. എസ്. സി. പരീക്ഷയ്ക്കുള്ള യോഗ്യതാ പരിഷ്കരിക്കണം.

1512 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പേഴ്സണൽ ആന്റ് അഡ്മിനിസ്ട്രേറ്റീവ് റീഫാംസ്(റൂൾസ്) ഡിപ്പാർട്ട്മെന്റ് പി. എസ്. സി. പരീക്ഷയ്ക്കുള്ള യോഗ്യത പരിഷ്കരിച്ചുകൊണ്ട് എന്തെങ്കിലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ആരുടെ ശുപാർശ പ്രകാരമാണ് ഇത്തരം ഒരു പരിഷ്ക്കരണം നടപ്പിലാക്കേണ്ടി വരുന്നതെന്ന് വിശദമാക്കുമോ; ഇതിൽ എൽ. ഡി. സി. യുടെ യോഗ്യത പ്ലസ്ടുവോ തത്തുല്യമോ ആയി നിജപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ പോളിടെക്നിക് ഐ. ടി. ഐ എന്നീ യോഗ്യതയുള്ളവർക്ക് അപേക്ഷിക്കാൻ പറ്റാത്ത സാഹചര്യം ഉണ്ടാകുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ്ന്റെ അപേക്ഷ ക്ഷണിക്കാനിരിക്കെ കമ്പ്യൂട്ടർ പരിജ്ഞാന സർട്ടിഫിക്കറ്റ് നിർബന്ധമാക്കിയതും മാർക്ക് നിബന്ധന വച്ചതുമൂലമുള്ള ആശയകുഴപ്പം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഈ ഉത്തരവിലെ അപാകതകളും അവ്യക്തതയും നീക്കാൻ നടപടി സ്വീകരിക്കുമോ ?

## കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സൃഷ്ടിക്കപ്പെട്ട തസ്തികകൾ

1513 ശ്രീ. ബെന്നി ബെഹനാൻ
,, കെ. ശിവദാസൻ നായർ
,, എ. പി. അബ്ദുള്ളക്കുട്ടി
,, സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര പുതിയ തസ്തികകളാണ് സൃഷ്ടിക്കപ്പെട്ടത്; ഇതിന്റെ വകുപ്പുതല കണക്ക് അറിയിക്കുമോ;

(ബി) എത്ര പേരെ താൽക്കാലികമായും അല്ലാതെയും നിയമിച്ചു; ഇതിന്റെ വകുപ്പുതല കണക്ക് അറിയിക്കുമോ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പി.എസ്.സി. ക്ക് വിട്ട ഏതെങ്കിലും വകുപ്പുകളിലോ, സ്ഥാപനങ്ങളിലോ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വകുപ്പുതല കണക്ക് അറിയിക്കുമോ?

# ഒഴിവുള്ള തസ്തികകളിൽ നിയമന നടപടി

1514 ശ്രീ. കെ. വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പി.എസ്.സി. റാങ്ക് ലിസ്റ്റുകളുടെ കാലവധിക്കുള്ളിൽ നിന്നുകൊണ്ട് ഒഴിവുള്ള തസ്തികകളിൽ നിയമനം നടത്താതെ വീണ്ടും റാങ്ക് ലിസ്റ്റിന്റെ കാലാവധി നീട്ടികൊണ്ടുപോകുന്നകാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ; എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നുള്ള വിവരം വ്യക്തമാക്കുമോ ;

(ബി) സമയബന്ധിതമായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ബന്ധപ്പെട്ട അധികാരികൾക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനും റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളിൽ നിയമനം നടത്തുന്നതിനും കാലയളവ് നിശ്ചയിക്കുന്നതിന് നിയമനിർമ്മാണം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ സത്വരമായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ പോകുന്നത് എന്നുള്ള വിവരം നൽകുമോ ;

(ഡി) ഓൺ ലൈനായി ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദവിവരം നൽകുമോ ;

(ഇ) ഒഴിവുകൾ റിപ്പോർട്ടുചെയ്യുന്നതിനും പി.എസ്.സി അഡൈ്വസ് നൽകുന്നതിനും വേണ്ടി ഒരു പ്രത്യേക സെൽ സംസ്ഥാനതലത്തിലും ജില്ലാ തലത്തിലും രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

<u>ലാസ്റ്റ് ഗ്രേഡ് നിയമനം</u>

1515 ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ലാസ്റ്റ് ഗ്രേഡ് റാങ്ക് ലിസ്റ്റിൽ നിന്നും നാളിതുവരെ എത്ര നിയമനങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ലിസ്റ്റിൽ ഇനിയും എത്രപേർ നിയമനം കാത്ത് നിൽക്കുന്നു എന്ന് വ്യക്തമാക്കുമോ;

(സി) എത്ര ലാസ്റ്റ് ഗ്രേഡ് വേക്കൻസികൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും എത്ര പേർക്ക് നിയമനം നൽകിയെന്നും ;

(ഡി) പ്രസ്തുത ലിസ്റ്റിന്റെ കാലാവധി എന്നവസാനിക്കും എന്ന് വ്യക്തമാക്കുമോ?

## ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് തസ്തികമാറ്റം മുഖേനയുള്ള പ്രമോഷൻ

1516 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് തസ്തികയിലേയ്ക്ക് സെക്രട്ടേറിയറ്റിലെ താഴ്ന്ന വിഭാഗം ജീവനക്കാർക്ക് 4% പ്രമോഷൻ, 17.05.2011ലെ ഏ.ഛ.ങട.196/2010/ എശി. ഉത്തരവു പ്രകാരവും ലോക്കൽ ഫണ്ട് ആഡിറ്റ് ജീവനക്കാർക്ക് ഇതേ ആവശ്യത്തിന് 04.06.2011-ലെ ഏ.ഛ.ങട 252/2011 പ്രകാരവും ഉത്തരവ് നൽകിയിട്ടുള്ളത് പോലെ പ്രസ്തുത ആനുകൂല്യം സംസ്ഥാന ഗവൺമെന്റ് സർവ്വീസിലെ ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്കും നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) സംസ്ഥാന സർവ്വീസിലെ എൽ.ജി.എസ്. ജീവനക്കാർക്ക് തസ്തികമാറ്റം വഴിയുള്ള നിയമനത്തിൽ ഇപ്പോൾ നിലനിൽക്കുന്ന 2% പ്രമോഷൻ എന്നത് 4% ആയി ഉയർത്തുവാൻ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

## വികലാംഗ ഉദ്യോഗാർത്ഥികൾക്ക് അർഹമായ നിയമനം

1517 ശ്രീ. സി. മമ്മൂട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വികലാംഗർക്ക് നിയമനം നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ തസ്തികകളിൽ, എത്ര ശതമാനം;

(ബി) ശാരീരിക, ബധിര, മൂക വൈകല്യമുളളവർക്ക് ഏത് അനുപാതത്തിലാണ് നിയമനം നൽകുക; ഇതിന് ക്വാട്ട നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഈ മാസവും, തുടർന്നുളള മാസങ്ങളിലും, കാലാവധി കഴിയുന്ന റാങ്ക്ലിസ്റ്റുകളിൽനിന്നും വികലാംഗരായ ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി ക്വാട്ട പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഒരു റാങ്ക് ലിസ്റ്റിൽ ഉൾപ്പെടുന്ന മുഴുവൻ വികലാംഗ ഉദ്യോഗാർത്ഥികളേയും നിലവിലെ ക്വാട്ടയിൽ നിയമിക്കാൻ തയ്യാറാകുമോ? ഇതിനായി നിയമഭേദഗതിയ്ക്ക് നടപടി സ്വീകരിക്കുമോ;

(ഇ) വികലാംഗരുടെ നിയമനങ്ങളിൽ ബാക്ക്ലോഗ് നികത്തുവാൻ വിവിധവകുപ്പുകളിൽ നിലവിലുളള ഒഴിവുകളിൽ റാങ്ക്ലിസ്റ്റുകളിൽ നിന്നും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

(എഫ്) വികലാംഗനിയമനത്തിന് അർഹത നേടിയ എത്രപേർ ഇപ്പോഴത്തെ റാങ്ക്ലിസ്റ്റുകളനുസരിച്ച് നിയമനം ലഭിക്കാനായി കാത്തുനിൽക്കുന്നുണ്ട്;

(ജി) നിലവിലുളള റാങ്ക് ലിസ്റ്റുകളിലെ വികലാംഗരായ മുഴുവൻ ഉദ്യോഗാർത്ഥികളേയും നിയമനം നടത്തിയ ശേഷം ഉദ്യോഗാർത്ഥികൾ ഇല്ലാത്ത സാഹചര്യം വന്നാൽ മാത്രം ആവശ്യമെങ്കിൽ തിരഞ്ഞെടുപ്പ് നടത്തി നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ?

താത്കാലിക നിയമന നടപടി

1518 ഡോ. ടി.എം. തോമസ് ഐസക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ഇതേ വരെ വിവിധ വകുപ്പുകളിൽ കീഴിലുള്ള ഏതെല്ലാം സ്ഥലങ്ങളിൽ ഏതെല്ലാം തസ്തികകളിൽ എത്രയാളുകളെ വിതം താത്കാലികമായോ, ഡെയിലി വെയ്ജിലോ നിയോഗിക്കുകയുണ്ടയി; വകുപ്പടിസ്ഥാനത്തിലുള്ള വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നികത്തേണ്ടതായ ഏതെങ്കിലും തസ്തികകളിൽ അല്ലാതെ നിയമനം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം വകുപ്പുകൾക്ക് കീഴിലുള്ള സ്ഥാപനങ്ങളിൽ ഏതെല്ലാം തസ്തികളിൽ എത്ര പേരെ പുതുതായി നിയോഗിക്കുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(സി) ഇതിൽ പത്രങ്ങളിലൂടെ അപേക്ഷ ക്ഷണിച്ച് ടെസ്റ്റും ഇന്റർവ്യൂയും നടത്തി നിയോഗിക്കപ്പെട്ടവരുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

## സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റം

1519 ശ്രീ. ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ സ്ഥലംമാറ്റവിഷയത്തിൽ നിലവിലുള്ള മാനദണ്ഡത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുവോ ;

(ബി) എങ്കിൽ മാനദണ്ഡത്തിന് വിരുദ്ധമായി നടത്തിയ സ്ഥലംമാറ്റ ഉത്തരവുകൾ റദ്ദു ചെയ്യുമോ;

(സി) സ്ഥലംമാറ്റങ്ങളിൽ പുറമേനിന്നുള്ള ഇടപെടൽ ശക്തമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഒരു നിയമസഭാ സമിതിയെക്കൊണ്ട് ഇക്കാര്യം അന്വേഷിപ്പിക്കുമോ ;

(ഡി) സംഘടനാ ഭാരവാഹികളെ തെരഞ്ഞുപിടിച്ച് സ്ഥലംമാറ്റുന്നതായുള്ള പരാതി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ അതിന്മേൽ എന്തു നടപടി സ്വീകരിച്ചു ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ആലപ്പുഴ ജില്ലയിൽ എൽ.ഡി.നിയമനം</u>

1520 ശ്രീ. പി. തിലോത്തമൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ നിലവിലുള്ള എൽ.ഡി.സി (വിവിധം) റാങ്ക് ലിസ്റ്റിൽ നിന്നും എത്രപേരെ ഇതിനോടകം നിയമിച്ചിട്ടുണ്ട് എന്നു വ്യക്തമാക്കാമോ;

(ബി) ജില്ലയിൽ എൽ.ഡി.സി നിയമനം മന്ദഗതിയിലാണ് നടക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിവിധ ഡിപ്പാർട്ട്മെന്റ് മേലധികാരികൾ യഥാസമയം ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ആലപ്പുഴ ജില്ലയിൽ എൽ.ഡി ക്ലാർക്ക്മാരുടെ ഒഴിവുകൾ ഓരോ വകുപ്പും തിരിച്ച് അറിയിക്കുമോ; ഒഴിവുകൾ അടിയന്തിരമായി നികത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>വടകര - മാഹി കനാൽ നിർമ്മാണം</u>

1521 ശ്രീമതി കെ.കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കേരളത്തിന്റെ വികസന കാര്യങ്ങൾ കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് എം.പി.മാരുടെ എത്ര യോഗങ്ങൾ വിളിച്ചുചേർത്തുവെന്ന് വ്യക്തമാക്കുമോ;

(ബി) 2006 - 2011 കാലഘട്ടത്തിൽ എം.പി. മാരുടെ എത്ര യോഗങ്ങൾ വിളിച്ചു ചേർത്തിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാന ജലപാതയുടെ ഭാഗമായ വടകര - മാഹി കനാൽ നിൽമ്മാണത്തിന് കേന്ദ്ര സഹായം ലഭ്യമാക്കുന്നതിന് പ്രസ്തുത യോഗങ്ങളിൽ തീരുമാനം എടുത്തിരുന്നോ എന്ന് വ്യക്താമാക്കുമോ;

(ഡി) എങ്കിൽ ഏത് തീയതിയിലെ യോഗത്തിലായിരുന്നു തീരുമാനം എടുത്തത് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്ക് ആശുപത്രി</u>

1522 ശ്രീ.റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതരെ സഹായിക്കുന്നതിൽ ഇതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ് ;

(ബി) എൻഡോസൾഫാൻ ബാധിതരായ കുട്ടികളുടെ വിദ്യാഭ്യാസ ആരോഗ്യ ചെലവുകൾ പൂർണ്ണമായി ഏറ്റെടുക്കുന്നതിന് എന്തെങ്കിലും പദ്ധതി ഉണ്ടോ ;

(സി) എൻഡോസൾഫാൻ ബാധിതർക്ക് മതിയായ ചികിത്സയും പരിചരണവും ഉറപ്പാക്കാൻ ഒരു അത്യാധുനിക ആശുപത്രി സ്ഥാപിക്കാൻ തയ്യാറാവുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>എൻഡോസൾഫാൻ ദുരിതബാധിതർക്കായി പുനരധിവാസ കേന്ദ്രം</u>

1523 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എൻഡോസൾഫാൻ ദുരിതബാധിതർക്കായി കാസർഗോഡ് ജില്ലയിൽ പുനരധിവാസ കേന്ദ്രം സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഇതിനാവശ്യമായ തുക ഏതു ഏജൻസി മുഖേനയാണ് കണ്ടെത്തുന്നതെന്നും പ്രോജക്ട കോസ്റ്റ് എത്രയാണെന്നും വിശദമാക്കാമോ;

(സി) ഇതിനായി എവിടെയാണ് സ്ഥലം കണ്ടെത്തിയിട്ടുള്ളത്;

(ഡി) പ്രസ്തുത സ്ഥലം ബന്ധപ്പെട്ട വകുപ്പിന് വിട്ടു തന്നിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ചികിൽസാ ദുരിതാശ്വാസ സഹായങ്ങൾ</u>

1524 ശ്രീ.മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) രോഗബാധിതരും ചികിൽസ തുടരുന്നവരുമായവരുടെ ചികിൽസാ ധനസഹായ ഇനത്തിൽ ഈ സർക്കാർ അധികാരത്തിൽവന്നശേഷം അനുവദിച്ചിട്ടുള്ളതും ചികിൽസാധനസഹായമെന്ന നിലയിൽ രോഗികൾക്ക് ലഭിക്കുന്നതുമായ തുക വളരെ അപര്യാപ്തമാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ദുരിതാശ്വാസ സഹായങ്ങളുടെ തുക വർദ്ധിപ്പിച്ചുനൽകുന്നകാര്യം സർക്കാർ പരിഗണിക്കുമോ ;

(സി) ചികിൽസാ-ദുരിതാശ്വാസ സഹായങ്ങൾ നൽകുന്നതിന് എന്തെങ്കിലും കൃത്യമായ മാനദണ്ഡങ്ങൾ നിലവിലുണ്ടോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധി</u>

1525 ശ്രീ.ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശൂർ ജില്ല-അരിമ്പൂർ നാലാം കല്ലിൽ കാൽനടയാത്രയ്ക്കിടയിൽ അജ്ഞാത വാഹനമിടിച്ച് പരിക്കുപറ്റി-ചികിത്സ കിട്ടാതെ മരണപ്പെട്ട ശ്രീ.നിഖിലിന്റെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധി

1526 ഡോ. എൻ. ജയരാജ്
ശ്രീ. തോമസ് ഉണ്ണിയാടൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ചികിത്സാ സഹായ നിധിയിൽ നിന്നും തുക അനുവദിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്;

(ബി) മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും തുക അനുവദിക്കപ്പെട്ടശേഷം ഗുണഭോക്താവിന്റെ കൈവശം തുക എത്തുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നതിന് ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മാരക രോഗങ്ങൾക്കുള്ള ധനസഹായം വർദ്ധിപ്പിക്കുന്നതിന് നടപടി</u>

1527 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൃക്കരോഗം, ഹൃദയസംബന്ധമായ രോഗം, ക്യാൻസർ തുടങ്ങിയ മാരക രോഗങ്ങൾക്ക് വളരെ കാലങ്ങളായി തുഛമായ തുകയാണ് ധനസഹായമായി നൽകിവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അത്തരം രോഗങ്ങൾക്കുള്ള ധനസഹായ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) കൂടാതെ മറ്റുള്ള രോഗങ്ങൾക്കും നൽകിവരുന്ന ധനസഹായ തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധിയിൽ നിന്നും
ചികിത്സാ ധനസഹായം

1528 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ചികിത്സാ ധനസഹായമായി അനുവദിച്ച തുക പൂർണ്ണമായും വിതരണം ചെയ്യുവാൻ കഴിഞ്ഞോ ; ഇല്ലാ എങ്കിൽ കാലതാമസം കൂടാതെ പ്രസ്തുത തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ;

(ബി) 26.6.2011 -ൽ കുട്ടനാട്ടിലെ രാമങ്കരിയിൽ പമ്പയാറിൽ വഞ്ചിയിൽ സഞ്ചരിക്കവെ ഒഴുക്കിൽപ്പെട്ട് വഞ്ചി മറിഞ്ഞ് മരണപ്പെട്ട മാവേലിക്കര താലൂക്കിൽ, കറ്റാനം വില്ലേജിൽ പുത്തൻവിള വീട്ടിൽ ആർ. മണിയുടെ ഏക മകനായ ഇൻജിനീയറിംഗ് വിദ്യാർത്ഥി വിഷ്ണു (19)വിന്റെ മരണത്തെത്തുടർന്ന് 27.7.2011-ൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള സഹായത്തിനായി നൽകിയ അപേക്ഷ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം

1529

ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പുറത്തൂർ പഞ്ചായത്തിൽ കാവിലക്കാട് പ്രദേശത്തെ തറയെൻവളപ്പിൽ മൊയ്തീൻകുട്ടി മകൻ ഷബീബ് എന്ന ആൾ കടലിൽ വീണു മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഈ കുട്ടിയുടെ കുടുംബത്തിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം അനുവദിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ;

(സി) അതിന്മേലുള്ള നടപടി ഏതുവരെയായി എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ജന്മനാ ബധിരരും മൂകരുമായിട്ടുള്ള കുട്ടികളുടെ ചികിത്സാ സഹായം

1530 ശ്രീ. കെ. കെ. ജയചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജന്മനാ ബധിരരും മൂകരുമായിട്ടുള്ള കുട്ടികളുടെ ചികിത്സാ സഹായത്തിനായി ഒരു പദ്ധതി നിലവില്‍ വന്നിട്ടുണ്ടോ ;

(ബി) പ്രസ്തുത ഇനത്തില്‍ ഇതുവരെ എത്ര അപേക്ഷകള്‍ ലഭിച്ചിട്ടുണ്ട് ;

(സി) പ്രസ്തുത അപേക്ഷകളിന്മേല്‍ നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) പ്രസ്തുത ചികിത്സാ സഹായം ലഭിക്കുന്നതിനായി എന്തെങ്കിലും മാനദണ്ഡങ്ങള്‍ ഉണ്ടോ ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം

1531 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ അന്നശ്ശേരി കല്ലംപറമ്പിൽ വീട്ടിൽ ശ്രീമതി അജിതകുമാരി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ധനസഹായം ആവശ്യപ്പെട്ട് അപേക്ഷ നൽകിയിട്ടുണ്ടോ ;

(ബി) എങ്കിൽ ഈകാര്യത്തിൽ എന്തു നടപടി സ്വീകരിച്ചെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മംഗലാപുരം വിമാനാപകട നഷ്ടപരിഹാരം</u>

1532 ശ്രീ. റ്റി.വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മംഗലാപുരം വിമാനാപകടത്തിൽ മരണമടഞ്ഞ മലയാളികൾ ഉൾപ്പെടെയുള്ളവരുടെ ആശ്രിതർക്ക് അന്താരാഷ്ട്ര മാനദണ്ഡ പ്രകാരമുള്ള നഷ്ടപരിഹാരം നൽകേണ്ടതില്ലെന്ന എയർ ഇന്ത്യയുടെ തീരുമാനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ആശ്രിതർക്ക് അർഹമായ നഷ്ടപരിഹാരം നേടിക്കൊടുക്കാൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മത്സ്യമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ

1533 ശ്രീ. പി. എ. മാധവൻ
,, റ്റി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം മത്സ്യമേഖലയിൽ നടപ്പിലാക്കിയ പുതിയ പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) മത്സ്യത്തൊഴിലാളി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ടോ; വർദ്ധന എന്നു മുതൽക്കാണ് നിലവിൽ വന്നത്;

(സി) മത്സ്യത്തൊഴിലാളികൾക്കായുള്ള ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീടു നിർമ്മിക്കാൻ ഇപ്പോൾ നൽകുന്ന തുക എത്രയെന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത തുക കാലോചിതമായി വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) മത്സ്യത്തൊഴിലാളികൾക്കായി മണ്ണെണ്ണ, ഡീസൽ വിതരണത്തിനായി തീരദേശ മേഖലയിൽ സർക്കാർ വക പമ്പുകൾ ആരംഭിക്കുമോ;

(എഫ്) മത്സ്യത്തൊഴിലാളികൾക്ക് സബ്സിഡി നിരക്കിൽ മണ്ണെണ്ണ വിതരണത്തിനായി കാര്യക്ഷമമായ സംവിധാനം ഏർപ്പെടുത്തുമോ;

(ജി) സംസ്ഥാനത്തെ ഫിഷറീസ് സ്കൂളുകളിൽ കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനും പുതിയ കോഴ്സുകൾ അനുവദിച്ച് അദ്ധ്യയനം കാലോചിതമായി പരിഷ്ക്കരിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് അറിയിക്കാമോ;

(എച്ച്) ഉന്നത പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന മത്സ്യത്തൊഴിലാളികളുടെ മക്കൾക്കുള്ള സ്കോളർഷിപ്പ് എല്ലാ വിഭാഗം മത്സ്യത്തൊഴിലാളികളുടെ മക്കൾക്കും ലഭ്യമാക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

മാരിടൈം യൂണിവേഴ്സിറ്റി

1534 ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
,, ഷാഫി പറമ്പിൽ
,, ഹൈബി ഈഡൻ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ഥാപിക്കാനുദ്ദേശിക്കുന്ന മാരിടൈം യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നു വ്യക്തമാക്കുമോ; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് ഇത് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത്;

(സി) യൂണിവേഴ്സിറ്റി നിലവിൽ വരുമ്പോൾ കേരളത്തിന് എന്തെല്ലാം നേട്ടങ്ങൾ ഏതൊക്കെ മേഖലയിൽ കൈവരിക്കാനാകുമെന്നു വിശദീകരിക്കുമോ;

(ഡി) യൂണിവേഴ്സിറ്റിക്ക് സ്ഥലം ഏറ്റെടുത്ത് നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കടലിൽ നിന്നുള്ള രൂക്ഷഗന്ധത്തെക്കുറിച്ചുള്ള പഠനം</u>

1535 ശ്രീ. പി. തിലോത്തമൻ
,, ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ കടലിൽ നിന്നും രൂക്ഷമായ ഗന്ധം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത്തരത്തിൽ ഗന്ധം ഉണ്ടാകുന്നതെന്തുകൊണ്ടെന്ന് പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഈ പഠന റിപ്പോർട്ടിലെ ഉള്ളടക്കം എന്താണെന്ന് വിശദമാക്കുമോ ;

(സി) പ്രസ്തുത പഠന റിപ്പോർട്ടിന്റെ വിശദാംശങ്ങൾ കടൽതീരത്ത് താമസിക്കുന്നവരെ ബോദ്ധ്യപ്പെടുത്തി ഭീതിയകറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>തീരദേശ പരിപാലന നിയമം</u>

1536 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ പരിപാലന നിയമം ഫലപ്രദമായി നടപ്പിലാക്കുന്നുണ്ടോ; പ്രസ്തുത നിയമം നടപ്പിലാക്കാൻ ജില്ലാതലത്തിൽ ചുമതലപ്പെട്ട ഉദ്യോഗസ്ഥർ ആരെല്ലാം എന്ന് വിശദമാക്കാമോ; കോഴിക്കോട് ജില്ലയിലെ ഉദ്യോഗസ്ഥരുടെ പേര് വിവരം അറിയിക്കാമോ;

(ബി) പ്രസ്തുത നിയമത്തിന്റെ പരിധി ലംഘിച്ച് എവിടെയെങ്കിലും കയ്യേറ്റങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടികളാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ;

(സി) തീരദേശങ്ങളിൽ അനധികൃതമായി മണലെടുക്കുന്നത് പ്രസ്തുത നിയമത്തിന്റെ പരിധിയിൽ നിയന്ത്രിക്കാൻ വ്യവസ്ഥയുണ്ടോ; എങ്കിൽ അത് ഫലപ്രദമായി നടപ്പിലാക്കുമോ;

(ഡി) കൊയിലാണ്ടി മണ്ഡലത്തിൽ പ്രശസ്ത ടൂറിസ്റ്റ് കേന്ദ്രമായ കാപ്പാട് തീരപ്രദേശത്ത് അനധികൃതമായി മണലെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചത് എന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സ്വാഭാവിക ജലസ്രോതസ്സുകൾ</u>

T1537 ശ്രീ. വി. ഡി. സതീശൻ
,, വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സ്വാഭാവിക ജലസ്രോതസ്സുകളെ സംബന്ധിച്ച് സെസ്സ് പഠനം നടത്തിയിട്ടുണ്ടോ ;

(ബി) എങ്കിൽ പഠനത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(സി) ജലസ്രോതസ്സുകൾ ജനങ്ങൾ ഇപ്പോൾ എന്തെല്ലാം കാര്യങ്ങൾക്കാണ് വിനിയോഗിച്ചുവരുന്നത് ;

(ഡി) പ്രസ്തുത ജലസ്രോതസ്സുകൾ മലിനമാക്കാതെ കുടിവെള്ളത്തിനുപകരമായി ഉപയോഗിക്കുന്നതിനെക്കുറിച്ച് സി. ഇ. എസ്. എസ് സാദ്ധ്യതാ പഠനം നടത്തുമോ ;

(ഇ) ജലസ്രോതസ്സുകൾ മലിനമാക്കാതെ സംരക്ഷിക്കുവാനുള്ള നടപടികളെക്കുറിച്ച് ബോധവൽക്കരണം നടത്തുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് പതാക ഉപയോഗത്തിനെതിരെ നടപടി</u>

1538 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 65-ാം സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായി പ്ലാസ്റ്റിക് പതാക ഉപയോഗിക്കാൻ പാടില്ലെന്ന കർശന നിർദ്ദേശം സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്ന് ഉണ്ടായോ;

(ബി) ഇത് പാലിക്കപ്പെടാത്തവർക്കെതിരെ കേസെടുത്തിട്ടുണ്ടോ; എങ്കിൽ ഏത് വകുപ്പ് പ്രകാരമാണ് കേസ് ചാർജ് ചെയ്തതെന്നും എത്രപേർക്കെതിരെ കേസെടുത്തുവെന്നും വ്യക്തമാക്കുമോ;

(സി) സ്വാതന്ത്ര്യദിനത്തലേന്ന് (14.8.11) പാളയം രക്തസാക്ഷി മണ്ഡപത്തിൽ ഐ.എൻ.ടി.യു.സി പ്രവർത്തകർ പ്ലാസ്റ്റിക് ദേശീയ പതാകയുടെ തോരണമാണ് കെട്ടിയത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവർക്കെതിരെ എന്ത് കേസാണ് ചാർജ് ചെയ്തതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ബയോളജി പാർക്കിന്റെയും ഗവേഷണ കേന്ദ്രത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ സംബന്ധിച്ച്</u>

T1539 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് വെള്ളായണിയിൽ സ്ഥാപിക്കാനുദ്ദേശിച്ച ബയോളജി പാർക്കിന്റെയും ഗവേഷണ കേന്ദ്രത്തിന്റെയും നിർമ്മാണ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇവ സ്ഥാപിക്കുന്ന കാര്യത്തിൽ എന്തെങ്കിലും തടസ്സം നിലനിൽക്കുന്നുണ്ടോ;

(സി) ഇവ ഒരു സ്ഥലത്തു നിന്ന് മാറ്റി സ്ഥാപിക്കുന്നതിന് എന്തെങ്കിലും ആലോചനയുണ്ടോ;

(ഡി) എങ്കിൽ കാരണം വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ഡോക്യുമെന്ററികളും ഷോർട്ട്ഫിലിമുകളും നിർമ്മിച്ചു പ്രദർശിപ്പിക്കുന്നതിനു നടപടി

1540

ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജൈവവൈവിധ്യ സംരക്ഷണത്തിനായി പാരിസ്ഥിതിക വിഷയങ്ങളിൽ ഡോക്യുമെന്ററികളും ഷോർട്ട് ഫിലിമുകളും നിർമ്മിച്ചു പ്രദർശിപ്പിക്കാറുണ്ടോ;

(ബി) എങ്കിൽ 2006 മുതൽ ഓരോ വർഷവും എത്ര വീതം ഫിലിമുകൾ നിർമ്മിച്ചു പ്രദർശിപ്പിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആരാണ് ഇത്തരം ഡോക്യുമെന്ററികൾ തയ്യാറാക്കിയത്;

(ഡി) പ്രസ്തുത വിഷയങ്ങളിൽ ഡോക്യുമെന്ററികളും ഷോർട്ട്ഫിലിമുകളും നിർമ്മിക്കുന്നവർക്ക് ബോർഡ് സാമ്പത്തിക സഹായം നൽകാറുണ്ടോ; എങ്കിൽ അതിന്റെ വ്യവസ്ഥകൾ വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പ്ലാസ്റ്റിക് നിരോധനം</u>

1541 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക്കിന്റെ വ്യാപകമായ ഉപയോഗം മൂലം ഉണ്ടായിട്ടുള്ള പരിസ്ഥിതി പ്രശ്നം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) സംസ്ഥാനത്ത് ഏതെങ്കിലും പ്രദേശത്ത് ഇപ്പോൾ പ്ലാസ്റ്റിക് നിരോധനം നിലവിലുണ്ടോ;

(സി) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധനം ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ടോ;

(ഡി) എങ്കിൽ ഇക്കാര്യം സജീവമായി പരിഗണിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ബയോഡൈവേഴ്സിറ്റി കമ്മ്യൂണിറ്റി റിസർവ് പദ്ധതി</u>

1542 ശ്രീ. കെ. കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല താലൂക്കിൽ ബയോഡൈവേഴ്സിറ്റി കമ്മ്യൂണിറ്റി റിസർവ് എന്ന പദ്ധതി ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതി കൊണ്ട് എന്താണ് ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ പഞ്ചായത്തുകളെയാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തുന്നത്;

(ഡി) പ്രസ്തുത പദ്ധതി വരുന്നതു മൂലം ഇവിടെ കൃഷി ചെയ്യുന്ന കർഷകർക്ക് എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തുമോ;

(ഇ) പ്രസ്തുത പദ്ധതി പ്രദേശത്ത് താമസിക്കുന്ന കൃഷിക്കാർക്ക് വരുമാന വർദ്ധനവ് ലഭ്യമാകുമോയെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ബഡ്ജറ്റിൽ തീരദേശ മേഖലയെ അവഗണിച്ചതിനെതിരെ നടപടി

1543 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീരദേശ മേഖലയെ ഈ സർക്കാരിന്റെ ബഡ്ജറ്റിൽ അവഗണിച്ചു എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) 2011-12 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ തീരദേശ മേഖലയുടെയും, മത്സ്യത്തൊഴിലാളികളുടെയും ഉന്നമനത്തിനായി ആവിഷ്ക്കരിച്ച് തുക വകയിരുത്തിയിരിക്കുന്നത് ഏതൊക്കെ പദ്ധതികൾക്കാണ് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ഓഷ്യനേറിയം പദ്ധതി

1544 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുവൈപ്പിനിലെ നിർദ്ദിഷ്ട ഓഷ്യനേറിയം പദ്ധതിയുടെ എസ്റ്റിമേറ്റ് തുക എത്രയെന്ന് വ്യക്തമാക്കുമോ ;

(ബി) ഇതിന്റെ നടത്തിപ്പിനായി രൂപീകരിച്ച കമ്പനിയുടെ ഘടന
വ്യക്തമാക്കുമോ ; ഇതിന്റെ ഡയറക്ടർ ബോർഡംഗങ്ങൾ ആരൊക്കെയെന്ന് വ്യക്തമാക്കുമോ ;

(സി) ഓഷ്യനേറിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മത്സ്യഗ്രാമം പദ്ധതി</u>

1545 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ പുതുതായി പ്രഖ്യാപിച്ച മത്സ്യഗ്രാമം പദ്ധതിയിൽ ഉൾപ്പെട്ട ഗ്രാമങ്ങൾ ഏതെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി എപ്പോൾ പ്രവർത്തനമാരംഭിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്ന പദ്ധതി</u>

1546 ശ്രീ. വി.റ്റി. ബൽറാം
,, വർക്കല കഹാർ
,, എ.പി. അബ്ദുള്ളക്കുട്ടി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ മുഖേന മത്സ്യത്തൊഴിലാളികളുടെ കടം എഴുതിത്തള്ളുന്ന പദ്ധതി നിലവിലുണ്ടോ;

(ബി) എങ്കിൽ എത്ര തുകവരെയുള്ള കടങ്ങളാണ് എഴുതിത്തള്ളുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽ ഇതുവരെ എഴുതിത്തള്ളിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇങ്ങനെ കടം എഴുതിത്തള്ളുന്നതിന് സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ എന്താണെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സമുദ്ര മത്സ്യ വംശ പരിപുഷ്ടി പദ്ധതി</u>

1547 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'സമുദ്ര മത്സ്യ വംശ പരിപുഷ്ടി പദ്ധതി' നടപ്പാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഏജൻസി വഴിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്; വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിന് മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തം ഉറപ്പ് വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സമ്പാദ്യ ആശ്വാസ പദ്ധതി</u>

1548 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യതൊഴിലാളികൾക്ക് സമ്പാദ്യ ആശ്വാസ പദ്ധതി പ്രകാരം ഓരോ തൊഴിലാളികൾക്കും എത്ര തുകയാണ് നൽകുന്നത്;

(ബി) പഞ്ഞമാസങ്ങളിൽ നൽകേണ്ട ഈ പദ്ധതിതുക നൽകുന്നതിന് കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കാസർഗോഡ് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം 2010-2011-ൽ എത്ര തുക അനുവദിച്ചു എന്നും, എത്ര തൊഴിലാളികൾക്ക് വിതരണം ചെയ്തു എന്നും വിശദാംശം വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മത്സ്യത്തൊഴിലാളികള്‍ക്ക് നല്‍കി വരുന്ന സമ്പാദ്യ ആശ്വാസ പദ്ധതി

1549 ശ്രീ. എന്‍. ഷംസുദ്ദീന്‍
,, എം. ഉമ്മര്‍
,, അബ്ദുറഹിമാന്‍ രണ്ടത്താണി
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പഞ്ഞമാസങ്ങളില്‍ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികള്‍ക്ക് നല്‍കി വരുന്ന സമ്പാദ്യ ആശ്വാസ പദ്ധതിയില്‍ മാറ്റം വരുത്തുന്നതിനുള്ള നടപടികള്‍ പരിഗണനയിലുണ്ടോ; എങ്കില്‍ വിശദമാക്കുമോ;

(ബി) ഇക്കാര്യത്തില്‍ കേന്ദ്ര സര്‍ക്കാരില്‍ നിന്നും നിര്‍ദ്ദേശമെന്തെങ്കിലും ലഭിച്ചിട്ടുണ്ടോ; എങ്കില്‍ അതു സംബന്ധിച്ച സര്‍ക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ;

(സി) മത്സ്യബന്ധനം മുഖ്യതൊഴിലായി സ്വീകരിച്ചിട്ടുള്ള കുടുംബങ്ങളുടെ വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കില്‍ അത്തരത്തിലുള്ള എത്ര കുടുംബങ്ങളുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മത്സ്യത്തൊഴിലാളി കുടുംബങ്ങളില്‍ നിലനില്‍ക്കുന്ന ദാരിദ്ര്യവും, പോഷകാഹാര ദൗര്‍ലഭ്യവും, ജീവിത സൗകര്യക്കുറവും പരിഗണിച്ച് ഈ കുടുംബങ്ങളെയെല്ലാം ബി.പി.എല്‍. പട്ടികയില്‍പ്പെടുത്തി ആനുകൂല്യം ഉറപ്പുവരുത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പുറത്തൂര്‍ മത്സ്യഗ്രാമമായി പ്രഖ്യാപിക്കാന്‍ നടപടി

1550 ഡോ. കെ. ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സര്‍ക്കാരിന്റെ കാലത്ത് അവതരിപ്പിച്ച അവസാന ബഡ്ജറ്റില്‍ മലപ്പുറം ജില്ലയിലെ മത്സ്യഗ്രാമം പഞ്ചായത്തുകളായി പരപ്പനങ്ങാടിയേയും, പുറത്തൂരിനേയും തെരഞ്ഞെടുത്തിരുന്ന കാര്യം ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ സര്‍ക്കാരിനുവേണ്ടി അവതരിപ്പിച്ച ബഡ്ജറ്റില്‍ പരപ്പനങ്ങാടി നിലനിര്‍ത്തി പുറത്തൂര്‍ ഒഴിവാക്കിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(സി) പുറത്തൂര്‍ ഉള്‍ക്കൊള്ളുന്ന മണ്ഡലത്തിലെ എം. എല്‍. എ. ധനകാര്യ മന്ത്രിക്ക് നല്‍കിയ അപേക്ഷയിന്മേല്‍ പുറത്തൂര്‍ പഞ്ചായത്തിനെ മത്സ്യഗ്രാമമായി പ്രഖ്യാപിക്കാന്‍ ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഇല്ലെങ്കില്‍ പ്രഖ്യാപിക്കാതിരിക്കാനുള്ള കാരണമെന്താണെന്ന് വിശദമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വള്ളിക്കുന്നിൽ ഫിഷറീസ് വില്ലേജ്</u>

1551 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിലെ തീരദേശത്ത് അധിവസിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അനുഭവിക്കുന്ന പ്രയാസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രദേശം ഒരു ഫിഷറീസ് വില്ലേജായി മാറ്റുവാനും മത്സ്യബന്ധനത്തിന് ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തുവാനും എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ബേപ്പൂർ ഫിഷറീസ് ഹൈസ്ക്കൂളിന് പുതിയ കെട്ടിടം</u>

1552 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബേപ്പൂർ ഫിഷറീസ് ഹൈസ്ക്കൂളിന് പുതിയ കെട്ടിടം നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ആയതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് ;

(സി) എന്നത്തേക്ക് പ്രവൃത്തി ആരംഭിക്കാവുമെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മഞ്ചേശ്വരത്ത് മത്സ്യബന്ധന തുറമുഖം</u>

1553 ശ്രീ. പി. ബി. അബ്ദുൾ റസാക്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളാതിർത്തിയായ മഞ്ചേശ്വരത്ത് മത്സ്യബന്ധന തുറമുഖം നിർമ്മിക്കണമെന്ന ദീർഘകാല ആവശ്യം സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുറമുഖം നിർമ്മിക്കുന്നതിന് ആവശ്യമായ സെസ്സിൽ നിന്നുമുള്ള സി.ആർ.ഇ.സഡ് സ്റ്റാറ്റസ് റിപ്പോർട്ട്, സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സമ്മതപത്രം, ശാസ്ത്ര സാങ്കേതിക പരിസ്ഥിതി വകുപ്പിൽ നിന്നും സി.ആർ.ഇ.സഡ് ക്ലിയറൻസ് എന്നിവ ലഭ്യമായിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത തുറമുഖ പദ്ധതിക്ക് കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ അംഗീകാരം ഏറ്റവും വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(ഡി) സമയബന്ധിതമായി പ്രസ്തുത തുറമുഖത്തിന് അംഗീകാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

മുഴപ്പിലങ്ങാട് ഫിഷ്‌ലാന്റിംഗ് സെന്റർ

1554 ശ്രീ. കെ. കെ. നാരായണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഴപ്പിലങ്ങാട് ഫിഷ്‌ലാന്റിംഗ് സെന്റർ തുടങ്ങുന്നതിനുള്ള പ്രവർത്തനം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഇതിന്റെ പ്രവർത്തനം തുടങ്ങുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ ;

(സി) എങ്കിൽ ഇതിന്റെ വിശദാംശം വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ പ്രവർത്തനം

1555 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യബന്ധനവകുപ്പിന്റെ കീഴിലുള്ള സർവ്വീസ് ഡിപ്പാർട്ട്മെന്റായ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിന്റെ നിലവിലെ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) വിദേശരാജ്യങ്ങളിലെ ഹാർബറുകളുടെ നിർമ്മാണം പോലും ഏറ്റെടുത്തു നടത്തുവാനുള്ള പ്രാഗത്ഭ്യം ഉണ്ട് എന്നു വിലയിരുത്തി അതിനുയോഗ്യതയുള്ള ഏജൻസിയായി ഗവൺമെന്റ് ഓഫ് ഇന്ത്യ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ നോട്ടിഫൈ ചെയ്തിട്ടുണ്ടോ;

(സി) ഏതെങ്കിലും വിദേശരാജ്യങ്ങളിലെ ഹാർബർ നിർമ്മാണം ഏറ്റെടുത്തു നടത്താൻ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് കരാർ ഒപ്പുവയ്ക്കുകയുണ്ടായിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) കേരളത്തിലെ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ മാരിടൈം ബോർഡിൽ ലയിപ്പിക്കുവാൻ ആലോചനയുണ്ടോയെന്നും അതു സംബന്ധിച്ച് സ്വീകരിച്ചിട്ടുള്ള നടപടിക്രമവും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മിനി ഫിഷിംഗ് ഹാർബർ നിർമ്മാണത്തിനുള്ള നടപടി</u>

1556 ശ്രീ. എ. പ്രദീപ്കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് വെള്ളയിൽ മിനി ഫിഷിംഗ് ഹാർബർ നിർമ്മിക്കുന്നതിനുള്ള എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വിശദമാക്കുമോ ;

(ബി) ഈ ഹാർബറിന്റെ നിർമ്മാണ പ്രവർത്തനം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മുട്ടത്ത്മണ്ണേൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ നിർമ്മാണം</u>

1557 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കായംകുളം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച് ലാന്റ് അകിസിഷൻ നടപടികൾ പൂർത്തീകരിച്ച മുട്ടത്ത്മണ്ണേൽ ഫിഷ്ലാന്റിംഗ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഫിഷ്ലാന്റിംഗ് സെന്ററിന്റെ നിർമ്മാണപ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം</u>

1558 ശ്രീ. കെ.എൻ.എ. ഖാദർ

താഴെ കാണുന്ന ചോദ്യത്തിന്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ പ്രവർത്തനം ഉപകാരപ്രദമാകുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സഹകരണ സംഘങ്ങൾ ഏതാനും രാഷ്ട്രീയ കക്ഷികളുടെ നിയന്ത്രണത്തിലായതിനാൽ അംഗങ്ങൾ അനുഭവിക്കുന്ന പ്രയാസങ്ങൾക്ക് പരിഹാരം കാണാൻ തയ്യാറാകുമോ; സഹകരണ സ്ഥാപനങ്ങളിലെ രാഷ്ട്രീയ അതിപ്രസരം അവസാനിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി</u>

1559 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ദേശീയ മത്സ്യവികസന ബോർഡിന്റെ ധനസഹായത്തോടുകൂടിയുള്ള ഉൾനാടൻ മത്സ്യകൃഷി വികസന പദ്ധതി നടത്തിപ്പിനായി നടപ്പുസാമ്പത്തിക വർഷം എത്ര തുകയാണ് നീക്കിവച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഒരിനമായ □ആഭ്യന്തരവിപണന കേന്ദ്രങ്ങൾ□ എന്ന പദ്ധതിയ്ക്കായി കൂടുതൽ തുക വകയിരുത്തുവാനും ഒരു നിയോജകമണ്ഡലത്തിൽ ഒരു മത്സ്യമാർക്കറ്റ് എങ്കിലും അന്താരാഷ്ട്രനിലവാരത്തിൽ വൃത്തിയും മാലിന്യ സംസ്കരണസംവിധാനങ്ങളും ഉള്ളതായി രൂപപ്പെടുത്തുന്നതിനുള്ള പദ്ധതി നടപ്പിലാക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>അലങ്കാരമത്സ്യം കയറ്റുമതി</u>

1560 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മത്സ്യ വകുപ്പിനു കീഴിലുള്ള 'കാവിൽ' മുഖേനെ, കഴിഞ്ഞ സാമ്പത്തിക വർഷം എത്ര ടൺ അലങ്കാര മത്സ്യം കയറ്റുമതി ചെയ്തുവെന്ന് വ്യക്തമാക്കാമോ;അടുത്ത വർഷം എത്ര ടൺ കയറ്റുമതിയ്ക്ക് ലക്ഷ്യമിടുന്നുവെന്ന് വ്യക്തമാക്കുമോ ?

(ബി) ഇതിനായി നിലവിലുണ്ടായിരുന്ന പദ്ധതികളും പുതുതായി ആവിഷ്കരിച്ച പദ്ധതികളും ഏതൊക്കെയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വൈപ്പിൻ മണ്ഡലത്തിലെ ഫിഷ്ഫാമുകളുടെ പ്രവർത്തനം</u>

1561 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മണ്ഡലത്തിലെ ഞാറയ്ക്കൽ, മാലിപ്പുറം എന്നിവിടങ്ങളിലെ ഫിഷ്ഫാമുകളുടെ പ്രവർത്തനം എന്തൊക്കെയെന്ന് വിശദീകരിക്കാമോ; ഇവയുടെ മേൽനോട്ടം ഏത് ഏജൻസിക്കാണ്;

(ബി) ഫാമുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) കഴിഞ്ഞ സാമ്പത്തിക വർഷം മത്സ്യവിൽപ്പനയിലൂടെ ഓരോ ഫാമിൽ നിന്നും എത്ര രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ; ഏതെല്ലാം ഇനം മത്സ്യങ്ങളാണ് ഇവിടെ വളർത്തുന്നത് ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പ്രീപെയ്ഡ് ഓട്ടോ കൗണ്ടറുകൾ സ്ഥാപിക്കുന്നതിന് നടപടി</u>

1562 ശ്രീ. കെ. വി. അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ സറ്റേഷനുകളിലെ പ്രീപെയ്ഡ് ടാക്സി ബേയിൽ കയറാതെ വെളിയിൽ നിർത്തി ദീർഘദൂര യാത്രക്കാരെ മാത്രം കയറ്റി ഓട്ടോക്കാർ പോകുന്നതു മൂലം യാത്രക്കാർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സ്റ്റേഷനിലെത്തുന്ന എല്ലാ ഓട്ടോറിക്ഷകളും പ്രീപെയ്ഡ് ബേയിൽ നിന്നു മാത്രം യാത്രക്കാരെ കയറ്റുന്നതിന് നിർദ്ദേശം നൽകാമോ;

(സി) പ്രീപെയ്ഡ് കൗണ്ടറുകളിൽ നിന്നും നൽകുന്ന ടിക്കറ്റിലെ ചാർജിനെക്കാൾ കൂടുതൽ തുക ഈടാക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ എല്ലാ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും പ്രീപെയ്ഡ് കൗണ്ടറുകൾ സ്ഥാപിക്കുന്നതിനും, നിലവിലുളളവ മെച്ചപ്പെട്ട സേവനം കാഴ്ചവെക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പോലീസ് കോണ്‍സ്റ്റബിള്‍ ഡ്രൈവര്‍ പ്രായപരിധി വര്‍ദ്ധിപ്പിക്കാന്‍ നടപടി</u>

1563 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പോലീസ് കോണ്‍സ്റ്റബിള്‍ ഡ്രൈവര്‍ തസ്തികയിലേക്ക് പി. എസ്. സി. അപേക്ഷ ക്ഷണിച്ചിട്ടുണ്ടോ;

(ബി) എങ്കില്‍ പ്രസ്തുത തസ്തികയിലേയ്ക്ക് അപേക്ഷിക്കാനുള്ള യോഗ്യതകള്‍ എന്തൊക്കെയാണ്; പ്രായപരിധി എത്ര വയസ്സാണ്;

(സി) പ്രസ്തുത പ്രായപരിധി തീരെ അപര്യാപ്തമാണെന്ന് കരുതുന്നുണ്ടോ;

(ഡി) എങ്കില്‍ പ്രായപരിധി വര്‍ദ്ധിപ്പിച്ച് കൂടുതല്‍ ഉദ്യോഗാര്‍ത്ഥികള്‍ക്ക് അപേക്ഷിക്കാന്‍ അവസരം നല്‍കാന്‍ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാന്‍ ഉദ്ദേശിക്കുന്നത്?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ജനമൈത്രീ സുരക്ഷാ പദ്ധതി സംസ്ഥാന അവലോകനം</u>

1564 ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
,, പി. സി. വിഷ്ണുനാഥ്
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രീ സുരക്ഷാ പദ്ധതി തുടരുന്നതിനെക്കുറിച്ച് അഭിപ്രായമെന്താണ്;

(ബി) ഈ പദ്ധതി എത്ര പോലീസ്സ്റ്റേഷനുകളിൽ നടപ്പിലാക്കിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഓരോ പോലീസ് സ്റ്റേഷനിലും എത്ര തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതിയുടെ സംസ്ഥാന അവലോകനം നടത്തിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സ്കൂൾ കുട്ടികളെ കൊണ്ടു പോകുന്ന വാഹനങ്ങൾക്ക് നിബന്ധനകൾ</u>

1565 ശ്രീ. റ്റി. എ. അഹമ്മദ് കബീർ
,, കെ. എം. ഷാജി
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടും സ്കൂൾ കുട്ടികളെ കുത്തിനിറച്ച് കൊണ്ടുപോകുന്ന വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിച്ച് അപകടങ്ങൾ വരുത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യം പരിശോധിക്കാനും നിയന്ത്രിക്കാനും ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥർ ഈ വിഷയത്തിൽ ശുഷ്ക്കാന്തി കാണിക്കാതിരിക്കുന്നതു മൂലം നിയന്ത്രണങ്ങൾ ഫലപ്രദമാകാത്ത കാര്യം പരിശോധിക്കുമോ;

(സി) പോലീസ്, ട്രാൻസ്പോർട്ട് വകുപ്പുകളിലെ ഉദ്യോഗസ്ഥരുടേയും ബന്ധുക്കളുടേയും പേരിലുള്ള നിരവധി വാഹനങ്ങൾ ഈ വിധത്തിൽ കുട്ടികളെ കൊണ്ടു പോകുന്നതു മൂലമാണ് നിയന്ത്രണം ഫലപ്രദമായി നടപ്പാക്കാത്തതെന്ന് അറിവുണ്ടോ;

(ഡി) കുട്ടികളെ കൊണ്ടു പോകുന്ന വാഹനങ്ങൾക്കു വേണ്ട നിബന്ധനകളും, കയറ്റാവുന്ന കുട്ടികളുടെ എണ്ണവും, വേഗത പരിധിയും സംബന്ധിച്ച വിവരങ്ങൾ പൊതുജനങ്ങളുടെ അറിവിനായി പ്രസിദ്ധീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ഐസ്ക്രീം പാർലർ കേസന്വേഷണം</u>

1566 ശ്രീ. വി.എസ്. സുനിൽകുമാർ
,, വി. ശശി
,, കെ. അജിത്
,, കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഐസ്ക്രീം പാർലർ പെൺവാണിഭ കേസ് ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) പുതിയ വെളിപ്പെടുത്തലുകളുടെ അടിസ്ഥാനത്തിൽ പോലീസ് കേസ് ചാർജ്ജ് ചെയ്തിട്ടുണ്ടോ; ഈ വെളിപ്പെടുത്തലുകളുമായി ബന്ധപ്പെട്ട് എത്രപേരെ ഇതുവരെ ചോദ്യം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; ഏതെല്ലാം വകുപ്പുകൾ പ്രകാരം ഏത് പോലീസ്സ്റ്റേഷനാണ് കേസ് ചാർജ്ജ് ചെയ്തത്;

(സി) ഈ കേസന്വേഷണം എത്രയും വേഗം പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

മണിചെയിൻ തട്ടിപ്പുകൾക്കെതിരെ നടപടി

1567 ശ്രീ. കെ. ശിവദാസൻ നായർ
,, പാലോട് രവി
,, വർക്കല കഹാർ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മണിചെയിൻ തട്ടിപ്പുകൾ കേരളത്തിൽ വർദ്ധിച്ചു വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൻ പ്രകാരം എത്ര കേസുകൾ സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുണ്ട്; എത്ര കോടി രൂപയാണ് ഇപ്രകാരം തട്ടിപ്പ് നടത്തിയതായി അറിവുള്ളത്;

(സി) ഇക്കാര്യത്തിൽ കൂടുതൽ സമഗ്രമായ അന്വേഷണം നടത്താൻ എന്തു നടപടിയാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സമരത്തിൽ ഏർപ്പെട്ടവർക്കെതിരെ പോലീസ് കേസ്</u>

1568 ശ്രീ. കെ.വി അബ്ദുൾ ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതേവരെ സംസ്ഥാനത്ത് സമരങ്ങളിൽ ഏർപ്പെട്ട എത്ര പേർക്കെതിരെ പോലീസ് കേസ്സെടുക്കുകയുണ്ടായി;

(ബി) പോലീസ് മർദ്ദനത്തിനിരയായവരെത്ര;

(സി) പോലീസ് മർദ്ദനത്തിന്റെ ഭാഗമായി പരിക്ക്പറ്റി ആശുപത്രികളിൽ ചികിത്സ തേടേണ്ടിവന്നരെത്ര;

(ഡി) പോലീസ് എത്ര കണ്ണീർവാതകപ്രയോഗങ്ങൾ നടത്തുകയുണ്ടായി?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ആദിവാസി സ്ത്രീകളോടുള്ള പോലീസ് നടപടിക്കെതിരെ മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം</u>

1569 ശ്രീ. ഇ. ചന്ദ്രശേഖരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഗീതാ ഗോപി
ശ്രീ. കെ. അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആദിവാസി സ്ത്രീകൾ പരമ്പരാഗതമായി അരയിൽ കെട്ടുന്ന കച്ച എവിടെയെങ്കിലും വച്ച് പോലീസ് അഴിച്ച് മാറ്റിച്ചിട്ടുണ്ടോ; അതെവിടെ വച്ചാണെന്ന് വ്യക്തമാക്കുമോ;

(ബി) പണിയ സമുദായത്തിൽപ്പെട്ട സ്ത്രീകളുടെ ഉറുമാൽ പോലീസ് അഴിച്ചു മാറ്റിയതു സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷൻ അന്വേഷണം ആരംഭിച്ചിട്ടുണ്ടോ;

(സി) പോലീസിന്റെ ആദിവാസികളോടുള്ള ഇത്തരം നടപടികൾ അവസാനിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>നിരപരാധികളെ തീവ്രവാദ ലിസ്റ്റിൽ ഉൾപ്പെടുത്തുന്ന നടപടി</u>

1570 ശ്രീ. സി. മമ്മൂട്ടി
'' എം. ഉമ്മർ
'' കെ. എൻ. എ. ഖാദർ
'' കെ. മുഹമ്മദുണ്ണിഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തീവ്രവാദ പ്രവർത്തനം ഒരു പ്രത്യേക വിഭാഗത്തിൽപ്പെട്ടവരാണ് നടത്തുന്നതെന്ന ധാരണയിൽ പോലീസിലെ ഒരു വിഭാഗം അന്വേഷണം നടത്തുന്നതായ മുൻസർക്കാരിന്റെ കാലത്തെ പത്രവാർത്തകളും അത് പ്രചരിക്കുവാൻ ഇടയായ സാഹചര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; മേൽ സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നുണ്ടോ ;

(ബി) ഇതു സംബന്ധമായ ഏതെങ്കിലും ചെറിയ സംഭവമുണ്ടായാൽ തീവ്രവാദികളെ സംബന്ധിച്ച ലിസ്റ്റിലുള്ളവരുടെ സമാന പേരുള്ള നിരപരാധികളെ കേന്ദ്രീകരിച്ച് അന്വേഷണം നടത്തുകയും ഒരു തെളിവുമില്ലാതെ അവരെ കസ്റ്റഡിയിലെടുത്ത് പീഡിപ്പിക്കുകയും, മാധ്യമങ്ങൾക്ക് വാർത്തകൾ നല്കുകയും ചെയ്യുന്നതായ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഈ വിഷയത്തിൽ ഇൻഡ്യൻ പ്രധാനമന്ത്രി അടുത്തിടെ അഭിപ്രായപ്രകടനം നടത്തിയ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) ഇത്തരം കേസുകൾ ഇനി ഉണ്ടാകാത്ത തരത്തിൽ പരിഹാര നടപടികൾ സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സമരങ്ങളെ നേരിടല്‍</u>

1571 ശ്രീ. എം.എ. ബേബി
,, വി. ശിവന്‍കുട്ടി
,, ആര്‍.രാജേഷ്
,, എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പെട്രോള്‍ വില വീണ്ടും വര്‍ദ്ധിച്ചതിനെതിരെ വിവിധ വിഭാഗം ജനങ്ങളില്‍ നിന്ന് ശക്തമായ പ്രതിഷേധം ഉയര്‍ന്നുവന്നിട്ടുള്ളത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ ;

(ബി) ഇത്തരം പ്രതിഷേധ സമരങ്ങളെ ലാത്തിയും തോക്കും ഗ്രനേഡും ഉപയോഗിച്ച് പോലീസ് സേനയെക്കൊണ്ട് അടിച്ചമര്‍ത്താമെന്ന് കരുതുന്നുണ്ടോ ;

(സി) പ്രതിഷേധ സമരങ്ങളെ സംസ്ഥാനത്ത് ഇതിനകം എത്ര സ്ഥലങ്ങളില്‍ പോലീസ് നേരിടുകയുണ്ടായി; എത്ര പേര്‍ക്ക് പരിക്ക് പറ്റുകയുണ്ടായി ; എത്ര പേരെ അറസ്റ്റു ചെയ്യുകയുണ്ടായി;

(ഡി) സമരങ്ങളെ പോലീസിനെക്കൊണ്ട് അടിച്ചമര്‍ത്തുന്നത് ഈ സര്‍ക്കാര്‍ ഒരു നയമായി സ്വീകരിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയാൻ നിയമം</u>

1572 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ
'' സി.കെ. സദാശിവൻ
'' സാജു പോൾ
'' വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയൽ നിയമം ഇപ്പോൾ നടപ്പാക്കുന്നുണ്ടോ ; എങ്കിൽ ഈ സർക്കാരിന്റെ കാലത്ത് എത്ര ഗുണ്ടകളെ അറസ്റ്റുചെയ്ത് ജയിലിൽ അടച്ചിട്ടുണ്ട് ; മുൻ സർക്കാരിന്റെ കാലത്ത് ജയിലിലടയ്ക്കപ്പെട്ട ഗുണ്ടകൾ എത്രയായിരുന്നു ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജയിലിൽ ആയിരുന്ന എത്രപേർ ഇപ്പോൾ പുറത്തിറങ്ങിയിട്ടുണ്ട് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പോലീസ് സേനയിലെ ക്രിമിനലുകൾ</u>

1573 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് സേനയിലെ ക്രിമിനൽ സ്വഭാവമുള്ളവരും കുറ്റവാളികളുമായ പോലീസ് ഉദ്യോഗസ്ഥരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ;

(സി) ഈ ഉദ്യോഗസ്ഥർക്കെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ക്രിമിനല്‍ കുറ്റകൃത്യങ്ങളില്‍ പെട്ടിട്ടുള്ള പോലീസുകാര്‍

1574 ശ്രീ. എം. ചന്ദ്രന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ക്രിമിനല്‍ സ്വഭാവമുള്ള കുറ്റകൃത്യങ്ങളില്‍ ഉള്‍പ്പെട്ടതായി പരാമര്‍ശമുള്ള എത്ര പോലീസ് ഉദ്യോഗസ്ഥന്‍മാര്‍ പോലീസ് സര്‍വ്വീസിലുണ്ട്;

(ബി) ഇവരില്‍ എത്ര പേര്‍ ലോ ആന്റ് ഓര്‍ഡറില്‍ ഇപ്പോള്‍ ജോലി ചെയ്തു വരുന്നുണ്ട്

(സി) ഇവരുടെ റാങ്ക് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ;

(ഡി) ഇവര്‍ക്കെതിരെ എന്തെങ്കിലും നടപടികള്‍ സ്വീകരിച്ചിട്ടുണ്ടോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പോലീസ് ഉദ്യോഗസ്ഥരുടെ അനധികൃത സമ്പാദ്യം

1575 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഉദ്യോഗസ്ഥർ പ്രതിയാകുന്ന ക്രിമിനൽ കേസുകൾ പ്രത്യേക കുറ്റകൃത്യമായി പരിഗണിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(ബി) പോലീസ് ഉദ്യോഗസ്ഥർ പ്രതികളായിട്ടുള്ള മണിചെയിൻ, ആർ.എം.ബി തുടങ്ങിയ കേസുകളും പ്രത്യേക ക്രിമിനൽ കേസുകളായി പരിഗണിക്കുമോ ;

(സി) സംസ്ഥാനത്ത് പ്രസ്തുത കേസുകളിൽ ഭാഗഭാക്കായ എത്ര പോലീസുകാർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അവർ ആരൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇവരുടെ അവിഹിത സ്വത്തു സമ്പാദനം പരിശോധിച്ചിട്ടുണ്ടോ ;

(ഇ) ഇത്തരക്കാർ അനധികൃതമായി സമ്പാദിച്ചിട്ടുള്ള സ്വത്ത് കണ്ടുകെട്ടുവാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പോലീസിലെ കുറ്റവാളികൾക്കെതിരെ നടപടി</u>

1576 ശ്രീ. എം. ചന്ദ്രൻ
,, കെ.കെ നാരായണൻ
,, കെ. വി.അബ്ദുൾ ഖാദർ
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസിലെ കുറ്റവാളികൾക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യത്തിലെ പുരോഗതി വിശദമാക്കാമോ ;

(ബി) ക്രിമിനൽ പശ്ചാത്തലമുള്ളതായി കണ്ടെത്തിയവരിൽ സംസ്ഥാനത്തെ ഐ. പി. എസുകാരായ പോലീസുകാരുണ്ടോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>അശ്ലീല സന്ദേശം അയച്ചതിനെതിരെ നടപടി</u>

1577 ശ്രീ. കെ. ദാസൻ
,, എസ്. രാജേന്ദ്രൻ
,, ആർ. രാജേഷ്
,, കെ.വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവതിക്ക് അശ്ലീല സന്ദേശം ഷോർട്ട് മെസ്സേജ് സർവ്വീസിലൂടെ (എസ്.എം.എസ്.) തുടർച്ചയായി അയച്ചതിന് ഒരു മന്ത്രിക്കെതിരെ തൊടുപുഴ ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേറ്റ് സ്വമേധയാ കേസ്സെടുത്തിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഏതെല്ലാം വകുപ്പുകളനുസരിച്ചാണ് കേസ്സെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) വിമാനയാത്രികയെ അപമാനിച്ചുവെന്ന പരാതി ഇദ്ദേഹത്തിനെതിരെ നേരത്തെ ഉണ്ടായിരുന്നുവോ; എങ്കിൽ അന്ന് മന്ത്രിസ്ഥാനത്തു നിന്നും രാജി ആവശ്യപ്പെട്ടവർ ആരൊക്കെയായിരുന്നു എന്ന് അറിവുണ്ടോ;

(സി) ഇപ്പോൾ അദ്ദേഹം മന്ത്രിസഭയിൽ തുടരുന്നുണ്ടോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ശ്രീമതി. എം. സി. രത്നമ്മാളിനെ ട്രാഫിക് സി.ഐ. അപമാനിച്ചതിനെതിരെ നടപടി</u>

1578

ശ്രീ. പി. സി. വിഷ്ണുനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 27.09.2007 ൽ കൊല്ലം താലൂക്ക് കച്ചേരി ജംഗ്ഷനിൽ വച്ച് ട്രാഫിക് നിയമം ലംഘിച്ചു എന്ന് ആരോപിച്ച് ശ്രീമതി എം. സി. രത്നമ്മാളിനെയും മകനെയും അന്നത്തെ ട്രാഫിക് സി.ഐ. വരദരാജന്റെ നേതൃത്വത്തിൽ പോലീസ് സംഘം പൊതുജന മദ്ധ്യത്തിൽ വച്ച് അസഭ്യം പറയുകയും ക്രൂരമായി മർദ്ദിച്ചതുമായി ബന്ധപ്പെട്ട് (റഫറൻസ് നം.34263/സി.എം./2007) പരാതിയിന്മേലുള്ള അന്വേഷണം ഏത് ഘട്ടത്തിലാണ്;

(ബി) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(സി) ഈ പരാതി അന്വേഷിച്ചത് ആരാണ് എന്ന് വ്യക്തമാക്കുമോ;

(ഡി) കുറ്റാരോപിതരായ പോലീസ് ഉദ്യോഗസ്ഥരുടെ മൊഴി പകർപ്പ് ലഭ്യമാക്കുമോ;

(ഇ) ഈ കേസിന്മേൽ എന്ത് ശിക്ഷാനടപടികൾ ആണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(എഫ്) ഈ കേസിന്മേൽ പുനരന്വേഷണം എന്തെങ്കിലും നടന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>രാമങ്കരിയിൽ പീഡനത്തിനിരയായ പെൺകുട്ടി</u>

1579 പ്രൊഫ. സി. രവീന്ദ്രനാഥ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ രാമങ്കരിയിൽ മധ്യവയസ്കന്റെ പീഡന ശ്രമത്തിനിരയായ പതിനൊന്നുകാരിയെ, നടുറോഡിൽ പൊതുജനമധ്യത്തിൽ തെളിവെടുത്ത് ക്രൂരമായി പീഡിപ്പിച്ച സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) പ്രസ്തുത പോലീസുദ്യോഗസ്ഥനെതിരെ കേസെടുത്തിട്ടുണ്ടോ;

(ഡി) എങ്കിൽ കുട്ടികളെ പീഡിപ്പിക്കുന്നതിനെതിരെയുള്ള വകുപ്പ് ഉപയോഗിച്ചാണോ കേസ്സെടുത്തത്; അല്ലെങ്കിൽ മറ്റേത് വകുപ്പ് ഉപയോഗിച്ചാണ് എന്ന് വ്യക്തമാക്കാമോ;

(ഇ) കുറ്റകരമായ പ്രവൃത്തി ചെയ്ത ഈ ഉദ്യോഗസ്ഥന്, ചെയ്ത കുറ്റത്തിന് ആനുപാതികമായ ശിക്ഷ ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ</u>

1580 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കുട്ടികൾക്കും സ്ത്രീകൾക്കും എതിരെയുള്ള അതിക്രമങ്ങൾ വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കുട്ടികൾക്കും സ്ത്രീകൾക്കും എതിരായുള്ള അതിക്രമങ്ങൾ തടയുന്നതിനും കുറ്റവാളികളെ പിടികൂടുന്നതിനുമായി പോലീസ് വകുപ്പിൽ പ്രത്യേക വിഭാഗം രൂപീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

വനിതകൾക്ക് നേരെയുള്ള അക്രമത്തിന് കേസ്

1581 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വനിതകൾക്ക് നേരെ അക്രമം നടത്തിയതിന് അടൂർ കല്ലും പുറത്ത്‌വീട്ടിൽ അനിൽകുമാറിന്റെ പേരിൽ അടൂർ സി.ഐ. ഓഫീസിൽ എന്തെങ്കിലും കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത കേസ് സംബന്ധിച്ച് എന്ത് നടപടികൾ സ്വീകരിച്ചു ;

(സി) പ്രസ്തുത വ്യക്തിക്കെതിരെ നേരത്തെ എന്തെങ്കിലും കേസുകൾ നിലവിലുണ്ടോ ; ടിയാന്റെ ജോലി എന്താണ് എന്നും ഇപ്പോൾ എവിടെയാണ് പ്രവർത്തിക്കുന്നത് എന്നും വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>വയനാട് ആദിവാസി സ്ത്രീകളുടെ കച്ച അഴിപ്പിച്ച പോലീസ് നടപടി</u>

1582 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വയനാട്ടിൽ മുഖ്യമന്ത്രിയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് സുരക്ഷാ സംവിധാനത്തിന്റെ പേരിൽ ആദിവാസി സ്ത്രീകളുടെ കച്ച അഴിപ്പിച്ച പോലീസ് നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ആദിവാസികളുടെ പരമ്പരാഗത വസ്ത്ര രീതിക്കും ആചാരങ്ങൾക്കുമെതിരെയുള്ള ഈ നടപടിയെക്കുറിച്ചുള്ള പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അതിനെതിരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) ഇപ്രകാരം ആദിവാസി സമൂഹത്തെ അധിക്ഷേപിച്ച പോലീസ് ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിക്കുമോ;

(എഫ്) ഭാവിയിൽ ഇത്തരം അതിക്രമങ്ങൾ ഉണ്ടാകാതിരിക്കുവാനുള്ള നടപടികൾ ഉറപ്പാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ബ്ലേഡ് കമ്പനികളുടെ ഗുണ്ടകൾ നടത്തുന്ന അതിക്രമങ്ങൾ</u>

1583 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ് മാഫിയക്ക് എതിരായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട് ;

(ബി) ഇതുമായി ബന്ധപ്പെട്ട എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്;

(സി) ബ്ലേഡ് കമ്പനികളുടെ ഗുണ്ടകൾ നടത്തുന്ന ആക്രമണങ്ങൾക്കെതിരെ സാധാരണ ജനങ്ങളെ സംരക്ഷിക്കുന്നതിന് എന്തൊക്കെ, നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കോഴിക്കോട് ജില്ലയിൽ മയക്കുമരുന്ന് വിൽപ്പനയുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസ്സുകളുടെ വിശദാംശം

1584 ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ഈ വർഷം മയക്കുമരുന്ന് വിപണനവുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്; ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇത് തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(സി) ഷാഡോ പോലീസ് പ്രവർത്തനം എല്ലാ പോലീസ് സ്റ്റേഷനിലേക്കും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പോലീസ് സ്റ്റേഷനുകളിൽ കേസ് രജിസ്റ്റർ ചെയ്യാത്തതിന്റെ വിശദാംശം</u>

1585 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലിസ് സ്റ്റേഷനുകളിൽ പരാതി നൽകിയിട്ടും കേസ് രജിസ്റ്റർ ചെയ്യാത്തത് സംബന്ധിച്ച് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് ;

(ബി) ആയതിന്റെ ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കുമോ ;

(സി) ഇതു സംബന്ധിച്ച് എന്തെങ്കിലും നടപടികൾ ബന്ധപ്പെട്ട പോലീസ് ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) എത്ര ഉദ്യോഗസ്ഥർക്കെതിരെയാണ് ഇപ്രകാരം നടപടികൾ സ്വീകരിച്ചിട്ടുള്ളത് എന്നു വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഗുണ്ടാ ലിസ്റ്റ്</u>

1586 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം എത്ര പേരെ ഗുണ്ടാ ലിസ്റ്റിൽപ്പെടുത്തിയെന്ന് ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ ;

(ബി) ഗുണ്ടാ ലിസ്റ്റിൽ ഉൾപ്പെട്ടിരുന്ന ആരെയെങ്കിലും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലിസ്റ്റിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടോ ;

(സി) എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മണിചെയിൻ തട്ടിപ്പിനെതിരെ നടപടി</u>

1587 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്താകെ മണിചെയിൻ ഉൾപ്പെടെ എത്ര സാമ്പത്തിക തട്ടിപ്പ് സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സംസ്ഥാനത്ത് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും ഓരോ കേസിലും എത്ര കമ്പനികളും, എത്ര വ്യക്തികളും പ്രതിയായിട്ടുണ്ടെന്നും, അവരാരൊക്കെയെന്നും ജില്ല തിരിച്ച് കണക്ക് വിശദമാക്കാമോ ;

(സി) പ്രസ്തുത അന്വേഷണങ്ങളുടെ വെളിച്ചത്തിൽ ഓരോ കമ്പനിയും ഓരോ വ്യക്തിയും എത്ര കോടി രൂപയുടെ സാമ്പത്തിക തട്ടിപ്പ് നടത്തിയതായാണ് പ്രാഥമിക നിഗമനമെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ബാങ്ക് കവർച്ചകൾ</u>

1588 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ബാങ്ക് കവർച്ചകൾ നടന്നിട്ടുണ്ടെന്നും, ഏതൊക്കെ ബാങ്കുകളാണ് കവർച്ച ചെയ്യപ്പെട്ടതെന്നും വെളിപ്പെടുത്താമോ ;

(ബി) ഇവയിൽ എത്ര രൂപയാണ് മോഷ്ടിക്കപ്പെട്ടതെന്നും എത്ര പണയ ഉരുപ്പടികളാണ് നഷ്ടപ്പെട്ടതെന്നും വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>സർക്കാർ വാഹനങ്ങൾ മോഷ്ടിക്കപ്പെടുന്നതിനെതിരെ നടപടി</u>

1589 ശ്രീ.ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ വാഹനങ്ങൾ മോഷ്ടിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ ഇത്തരത്തിൽ എത്ര കേസുകളാണ് രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ളത് ;

(സി) കൊല്ലം ജില്ലയിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ ഗ്രാമപഞ്ചായത്തുകളുടെ എത്ര വാഹനങ്ങൾ മോഷ്ടിക്കപ്പെട്ടിട്ടുണ്ടെന്നും അവ ഏതൊക്കെ ഗ്രാമപഞ്ചായത്തുകളുടേതാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇതിൽ എത്ര വാഹനങ്ങൾ കണ്ടെത്തുവാൻ കഴിഞ്ഞിട്ടുണ്ടെന്നും ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും അറിയിക്കുമോ ;

(ഇ) സർക്കാർ വാഹനങ്ങൾ മോഷ്ടിക്കുന്നതിനായി പ്രത്യേക സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടോ; ഈ കേസുകൾ അന്വേഷിക്കുവാൻ പ്രത്യേക നിർദ്ദേശം നൽകുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ഹർത്താലുകളുടെ വിശദാംശം</u>

1590 ശ്രീ. എം. എ. വാഹീദ്
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, ഹൈബി ഈഡൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര ഹർത്താലുകൾ നടന്നു എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ഹർത്താലുകളുമായി ബന്ധപ്പെട്ട് എത്ര അക്രമ സംഭവങ്ങൾ ഉണ്ടായി എന്ന് വ്യക്തമാക്കുമോ; എത്ര കേസുകൾ രജിസ്റ്റർ ചെയ്തു;

(സി) പ്രസ്തുത ഹർത്താലുകൾക്ക് ആഹ്വാനം ചെയ്ത സംഘടനകൾ ഏതെല്ലാമാണെന്നും എത്ര എണ്ണം വീതമാണെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ആത്മഹത്യാ നിരക്കുകൾ വെളിപ്പെടുത്താൻ നടപടി</u>

1591 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് എത്രയാളുകൾ ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഇതിൽ കടബാധ്യത മൂലം എത്ര പേരാണ് ആത്മഹത്യ ചെയ്തതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സംസ്ഥാനത്ത് പോലീസ് കസ്റ്റഡിയിലെടുത്ത എത്ര പേർ പോലീസ് സ്റ്റേഷനകത്തും പോലീസ് ചോദ്യം ചെയ്യലിനു ശേഷം സ്റ്റേഷനു പുറത്തും ആത്മഹത്യ ചെയ്തിട്ടുണ്ടെന്ന് പോലീസ് ജില്ലകൾ തിരിച്ച് കണക്ക് ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>പിടിച്ചെടുത്ത വാഹനങ്ങൾ തിരികെ ലഭ്യമാക്കാൻ നടപടി</u>

1592 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് പിടിച്ചെടുത്തതും കേസിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വാഹനങ്ങൾ വിൽക്കുക വഴി സംസ്ഥാന ഖജനാവിന് എത്ര തുക ലഭിച്ചു;

(ബി) എത്ര വാഹനങ്ങളാണ് ഇത്തരത്തിൽ വിറ്റതെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(സി) പിടിച്ചെടുക്കുന്ന വാഹനങ്ങൾ നിശ്ചിത തുക പിഴയടപ്പിച്ച് വാഹന ഉടമയ്ക്ക് തന്നെ ഒരു മാസത്തിനകം തിരികെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കേസുകളിൽ പിടിച്ചെടുത്ത വാഹനങ്ങളും മണലും ലേലം ചെയ്യാൻ നട പടി</u>

1593 ശ്രീമതി ജമീലാ പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, മാത്യു റ്റി. തോമസ്
,, സി. കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ കേസുകളിൽ പിടിച്ച് പോലീസ് സ്റ്റേഷനുകളിൽ കൂട്ടിയിട്ടിരിക്കുന്ന വാഹനങ്ങൾ നീക്കം ചെയ്യാൻ നടപടി സ്വീകരിക്കുമോ ;

(ബി) പിടികൂടിയ വാഹനങ്ങളിലെ മണൽ ഉൾപ്പെടെയുള്ള വിലപിടിപ്പുള്ള വസ്തുവകകൾ ലേലം ചെയ്ത് സർക്കാരിലേയ്ക്ക് വസൂലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

ഡ്യൂട്ടിക്കിടയിൽ അപകടപ്പെടുന്ന പോലീസുകാരുടെ ചികിത്സാചെലവ്

1594 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പോലീസുകാർക്ക് ഡ്യൂട്ടിക്കിടയിൽ ഉണ്ടാകുന്ന അപകടത്തെതുടർന്നുളള ചികിത്സാചെലവ് ആരാണ് വഹിക്കുന്നത്:

(ബി) ഇത് പൂർണ്ണമായി സർക്കാർ ഏറ്റെടുത്തിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഏറ്റെടുക്കാനുളള നടപടി പരിഗണനയിലുണ്ടോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ചാലക്കുടിയിൽ ആവശ്യമായ പോലീസുദ്യോഗസ്ഥരുടെ നിയമനം</u>

1595 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി നടപ്പിലാക്കിയ പോലീസ് സ്റ്റേഷനുകളിൽ ഇതിനായി ആവശ്യത്തിന് പോലീസുകാരെ നിയമിച്ചിട്ടുണ്ടോ;

(ബി) ജനമൈത്രി പോലീസ് പ്രവർത്തനത്തിനായി ചാലക്കുടി സ്റ്റേഷനിൽ ആവശ്യത്തിന് പോലീസുദ്യോഗസ്ഥർ ഇല്ലാത്തത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ചാലക്കുടിയിൽ പോലീസ് ഉദ്യോഗസ്ഥരുടെ ക്വാർട്ടേഴ്സിന് ചുറ്റുമതിൽ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>ആഭ്യന്തരവകുപ്പിലെ സ്ഥലംമാറ്റ ഉത്തരവുകൾ</u>

1596 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യ മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആഭ്യന്തരവകുപ്പിൽ എത്ര സ്ഥലംമാറ്റ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) സർക്കാർ ഉത്തരവ് നമ്പരുകളും തീയതിയും വിശദമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>മേലുദ്യോഗസ്ഥർക്ക് പി.എസ്.ഒ മാരെ നിയമിക്കുന്നതിനുള്ള മാനദണ്ഡം</u>

1597 ശ്രീ. സാജു പോൾ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് ഓഫീസർമാർക്ക് പി.എസ്.ഒ മാരെ നിശ്ചയിക്കുന്നതിലെ മാനദണ്ഡം എന്തൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) ലോക്കൽ സ്റ്റേഷനിൽ ആവശ്യത്തിന് പോലീസ് സേനാംഗങ്ങൾ ഇല്ലാത്തപ്പോഴും ഇവിടെ മേലുദ്യേഗസ്ഥർക്ക് കൂടുതൽ പി.എസ്.ഒ മാരെ നിശ്ചയിക്കുന്നത് പരാതിക്കിടയാക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കാൻ നടപടി</u>

1598

ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ നിലവിൽ പോലീസ് ഉദ്യോഗസ്ഥരുടെ എത്ര തസ്തികയാണ് അനുവദിച്ചിട്ടുള്ളത്; എത്ര പേർ ഇപ്പോൾ ജോലി ചെയ്യുന്നു; ഒഴിവുകൾ എത്ര; പ്രസ്തുത ഒഴിവുകൾ നികത്താൻ അടിയന്തിര നടപടി സ്വീകരിക്കുമോ;

(ബി) വേണ്ടത്ര പോലീസ് ഉദ്യോഗസ്ഥർ ഇല്ലാത്തതിനാൽ ഈ പോലീസ് സ്റ്റേഷനിൽ കേസുകൾ കൈകാര്യം ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) അമ്പലപ്പുഴ പോലീസ് സ്റ്റേഷനിൽ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മുഴുവൻ പോലീസുദ്യോഗസ്ഥർക്കും 'സി. യു. ജി. സിം' അനുവദിക്കാൻ നടപടി</u>

1599 ശ്രീ. ഇ. കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എത്ര ശതമാനം പോലീസുകാർക്ക് സി. യു. ജി. സിം അനുവദിച്ചിട്ടുണ്ട്;

(ബി) ബാക്കിയുള്ള പോലീസുകാർക്ക് കൂടി ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

പോലീസ് ഓഫീസർമാർക്ക് മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി സ്ഥലംമാറ്റം

1600

ശ്രീ. ജി. സുധാകരൻ
,, പി. ശ്രീരാമകൃഷ്ണൻ
,, എസ്. ശർമ്മ
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പോലീസ് ഓഫീസർമാരുടെ സ്ഥലംമാറ്റങ്ങളും അതിന് പിന്നിൽ നടക്കുന്നതായ ക്രമക്കേടുകളും സംബന്ധിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(ബി) എസ്.ഐ. മുതൽ മുകൾതട്ടിലുള്ള എത്ര പോലീസ് ഓഫീസർമാരെ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനകം സ്ഥലം മാറ്റുകയുണ്ടായി; ഒന്നിലധികം തവണ സ്ഥലംമാറ്റപ്പെട്ട ഓഫീസർമാരെത്ര;

(സി) സ്ഥലംമാറ്റങ്ങൾക്ക് നിലവിൽ മാനദണ്ഡമുണ്ടോ; മാനദണ്ഡങ്ങൾക്ക് വിരുദ്ധമായ സ്ഥലംമാറ്റങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചിട്ടുണ്ടോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ക്യാമ്പ് ഫോളോവർമാർക്ക് ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം</u>

1601 ശ്രീമതി. പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമനം ലഭിച്ച് സർവ്വീസിൽ സ്ഥിരപ്പെടുത്തിയ ക്യാമ്പ് ഫോളോവർമാർക്ക് സർവ്വീസ് ചട്ടപ്രകാരമുളള ആനുകൂല്യങ്ങൾ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ക്യാമ്പ് ഫോളോവർമാരെ പോലീസ് വകുപ്പിൽ ഏതെല്ലാം ഇടങ്ങളിലാണ് ജോലിക്ക് വിന്യസിച്ചിരിക്കുന്നത്;

(സി) ഏതാനും ഉന്നത പോലീസ് ഉദ്യോഗസ്ഥർ ക്യാമ്പ് ഫോളോവർമാരെ ദാസ്യവേല ചെയ്യിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്യാമ്പ് ഫോളോവർമാർക്ക് സർവ്വീസ് ചട്ടപ്രകാരമുളള ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പോലീസ് വകുപ്പിലേയ്ക്ക് വാങ്ങിയ ആയുധങ്ങൾ</u>

1602

ശ്രീ. കെ. വി. അബ്ദുൾഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഇതിനകം പോലീസ് വകുപ്പിന്റെ ആവശ്യാർത്ഥം എത്ര ആയുധങ്ങൾ വാങ്ങുകയുണ്ടായി; ഏതെല്ലാം തരത്തിലുള്ള ആയുധങ്ങൾ എത്ര വീതമെന്ന് വിശദമാക്കാമോ;

(ബി) ഇനിയും വാങ്ങാനുദ്ദേശിക്കുന്ന ആയുധങ്ങൾ ഏതെല്ലാമെന്നും എത്രയെന്നും അറിയിക്കുമോ;

(സി) സെക്യൂരിറ്റി ആവശ്യാർത്ഥം വാങ്ങിയ ഉപകരണങ്ങൾ എന്തെല്ലാമെന്നും എത്രയെന്നും വെളിപ്പെടുത്തുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കലാപശേഷം മാറാട് പ്രദേശത്ത് ഭൂമി കൈമാറ്റം ചെയ്തവരുടെ വിശദാംശം</u>

1603 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മാറാട് കലാപം നടന്ന പ്രദേശങ്ങളിൽ കലാപശേഷം വലിയ തോതിൽ ഭൂമി വാങ്ങിയവരെപ്പറ്റി എന്തെങ്കിലും അന്വേഷണം നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) അന്വേഷണച്ചുമതല ആർക്കാണ് നൽകിയിരുന്നത്; അന്വേഷണത്തിൽ കണ്ടെത്തിയ കാരണങ്ങൾ എന്തൊക്കെയാണ്;

(സി) കലാപശേഷം ഈ പ്രദേശത്ത് 15-09-2011 വരെ നടന്നിട്ടുള്ള ഭൂമി കൈമാറ്റങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; വിൽക്കപ്പെട്ട വസ്തുവിന്റെ വിസ്ത്രൃതി, വിറ്റ ആളിന്റെ വിലാസം, വാങ്ങിയവരുടെ വിലാസം തുടങ്ങിയവ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ചികിത്സ ലഭിക്കാതെ മരണപ്പെട്ടതിനെതിരെ നടപടി</u>

1604 ശ്രീ. ബാബു എം. പാലിശ്ശേരി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ല അരിമ്പൂർ നാലാം കല്ലിൽ നിഖിൽ എന്ന യുവാവ് കാൽനടയാത്രയ്ക്കിടെ അജ്ഞാത വാഹനമിടിച്ച് മരണപ്പെട്ടതു സംബന്ധിച്ച് പൊലീസ് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) ഇതു സംബന്ധിച്ച അന്വേഷണം ഏതു ഘട്ടത്തിലാണ് ;

(സി) പരിക്കുപറ്റിയ യുവാവിന് ചികിത്സാ സൗകര്യം ഏർപ്പെടുത്താതെ ഒളിപ്പിച്ചുവെച്ച ഈ കേസിൽ പ്രതികളെ കണ്ടെത്താൻ ഊർജ്ജിത അന്വേഷണം നടക്കുന്നുണ്ടോ ; വിശദാംശം വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയ്ക്കിടയിലുണ്ടായ സംഘർഷം

1605

ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ശ്രീകൃഷ്ണ ജയന്തി ഘോഷയാത്രയോടനുബന്ധിച്ച് കുറ്റ്യാടി, നാദാപുരം പോലീസ് സ്റ്റേഷൻ അതിർത്തികളിൽ അരങ്ങേറിയ അക്രമ സംഭവങ്ങളിൽ എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര പേരെ അറസ്റ്റ് ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) തുടർന്നുവരുന്ന അനിഷ്ട സംഭവങ്ങൾ അമർച്ച ചെയ്യുന്നതിന് പ്രസ്തുത മേഖലയിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

**കേരള നിയമസഭ**
**03.10.2011-ലെ മറുപടിക്ക്**

<u>നെയ്യാറ്റിന്‍കര വനിതാ ജയില്‍</u>

1606 ശ്രീ.ആര്‍. സെല്‍വരാജ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) നെയ്യാറ്റിന്‍കര വനിതാ ജയില്‍ അവിടെ നിന്നും മാറ്റിക്കൊണ്ട് പോകുന്നതിന് എന്തെങ്കിലും തീരുമാനം ഉണ്ടോയെന്ന് വ്യക്തമാക്കുമോ ;

(ബി) വനിതാ ജയില്‍ നെയ്യാറ്റിന്‍കരയില്‍ തന്നെ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>തലക്കുളത്തൂർ കേന്ദ്രമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ</u>

1607 ശ്രീ. എ.കെ. ശശീന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ കേന്ദ്രമായി ഫയർ ആന്റ് റെസ്ക്യൂ സ്റ്റേഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മലബാര്‍ മേഖലയിലെ അഗ്നിശമന സേനയുടെ</u>
<u>എന്‍.ഒ.സി. കമ്മിറ്റി</u>

1608 ശ്രീ. എ. കെ. ശശീന്ദ്രന്‍
,, തോമസ് ചാണ്ടി

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് മുതല്‍ പാലക്കാട് വരെ മലബാര്‍ മേഖലയിലെ ഏഴുജില്ലകളില്‍ ഉള്ളവര്‍ക്ക് റസിഡന്‍ഷ്യല്‍ കെട്ടിടങ്ങള്‍ക്കും വാണിജ്യകെട്ടിടങ്ങള്‍ക്കും അഗ്നിശമന സേനയുടെ എന്‍.ഒ.സി. നല്‍കുന്നതിനായി ഫയര്‍ അക്കാഡമിയുടെ ഡെപ്യൂട്ടി ഡയറക്ടര്‍ കണ്‍വീനറായി തൃശ്ശൂര്‍ ആസ്ഥാനമായി രൂപീകരിച്ച കമ്മിറ്റി ഇപ്പോള്‍ നിലവിലുണ്ടോ ;

(ബി) പ്രസ്തുത കമ്മിറ്റി പിരിച്ചു വിടാന്‍ കാരണമെന്താണ് ; കമ്മിറ്റി പുന:സ്ഥാപിക്കുവാന്‍ നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>അടൂർ ഫയർസ്റ്റേഷൻ സ്ഥലമെടുപ്പ്</u>

1609 ശ്രീ.ചിറ്റയം ഗോപകുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന അടൂർ ഫയർസ്റ്റേഷൻ പരിമിതമായ സ്ഥലസൗകര്യംമൂലം തികച്ചും അസൗകര്യപ്രദമായ അവസ്ഥയിലാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടൂർ ഫയർ സ്റ്റേഷനുവേണ്ടി കണ്ടെത്തിയിട്ടുള്ള കെ.ഐ.പി. വക സ്ഥലത്തിന്റെ എറ്റെടുക്കൽ സംബന്ധിച്ച് വകുപ്പുകൾ തമ്മിലുള്ള സ്ഥലം കൈമാറ്റനടപടിയുടെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) കാലതാമസം പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>മലപ്പുറം കൂട്ടായിയിൽ തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ നടപടി</u>

1610 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കൂട്ടായിയിൽ ഒരു തീരദേശ പോലീസ് സ്റ്റേഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും അപേക്ഷയോ നിർദ്ദേശമോ ലഭിച്ചിട്ടുണ്ടോ ;

(സി) എങ്കിൽ ആരുടെയെല്ലാം അപേക്ഷകളും, നിർദ്ദേങ്ങളുമാണ് ലഭിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷൻ നിർമ്മാണം</u>

1611 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) തോട്ടപ്പള്ളി തീരദേശ പോലീസ് സ്റ്റേഷന്റെ നിർമ്മാണം എന്നാണ് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നത് ;

(ബി) ഈ സ്റ്റേഷൻ നിർമ്മിക്കാൻ എന്നാണ് ഉത്തരവായത് ; ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ;

(സി) എത്ര രൂപയാണ് ഇതിന്റെ അടങ്കൽ തുക ; ആരാണ് നിർമ്മാണക്കരാർ ഏറ്റെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കണ്ണൂർ ഡി.സി.സി. പ്രസിഡന്റിനെ തടഞ്ഞുവെച്ച കൃത്യം</u>

1612 ശ്രീ. കോടിയേരി ബാലകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ഡി.സി.സി. പ്രസിഡന്റിനെ ഓഫീസിൽ കയറ്റാതെ മണിക്കൂറുകളോളം ഓഫീസ് കോംപൗണ്ടിൽ തടഞ്ഞുവെച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ;

(സി) ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്തിരുന്നോ;

(ഡി) പരാതിയില്ലാതെതന്നെ കേസെടുക്കേണ്ട ഈ കുറ്റകൃത്യം നടന്ന വിവരം ടെലിവിഷനുകൾ റിപ്പോർട്ട് ചെയ്തശേഷവും ഇതുമായി ബന്ധപ്പെട്ട് കേസ് രജിസ്റ്റർ ചെയ്യാതിരുന്നത് എന്തുകൊണ്ടാണെന്ന് വെളിപ്പെടുത്താമോ ?

# കേരള നിയമസഭ
# 03.10.2011-ലെ മറുപടിക്ക്

<u>കൊടുമ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പറുടെ വീട്ടിലെ റെയിഡിന്റെ വിശദാംശം</u>

1613 ശ്രീ. പി. റ്റി. എ. റഹിം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 13-09-2011ന് കോഴിക്കോട് റൂറൽ എസ്. പി. യുടെ നേതൃത്വത്തിൽ ദ്രുതകർമ്മസേനയുടെ സാന്നിദ്ധ്യത്തിൽ വൈകിട്ട് 6 മണിക്ക് ശേഷം കൊടുമ്പള്ളി ഗ്രാമപഞ്ചായത്ത് മെമ്പറുടെ വീട്ടിൽ പോലീസ് റെയിഡ് നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എന്തിന്റെ അടിസ്ഥാനത്തിലാണ് റെയിഡ് നടത്തിയത് എന്ന് വ്യക്തമാക്കാമോ;

(സി) റെയിഡ് നടത്തുന്നതിനുമുമ്പ് കേസ് രജിസ്റ്റർ ചെയ്ത് മജിസ്ട്രേറ്റിന്റെ ഉത്തരവ് സമ്പാദിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ രജിസ്റ്റർ ചെയ്ത കേസിന്റെ ക്രൈം നമ്പർ എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഇ) റെയിഡിനെത്തുടർന്ന് എന്തെങ്കിലും സാധനങ്ങളോ, രേഖകളോ പിടിച്ചെടുത്തിട്ടുണ്ടോ.

(എഫ്) ഇത്തരത്തിൽ റെയിഡ് നടത്തുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ജി) തെറ്റായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പൊതുപ്രവർത്തകരുടെ വീടുകളിൽ റെയിഡ് നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) വീടുകൾ റെയിഡ് ചെയ്യുന്നതിന് എന്തെങ്കിലും മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോ;

(ഐ) എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കഥകളി നടൻ ശ്രീ. ചിറക്കര മാധവൻകുട്ടിയുടെ തിരോധാന വുമായി ബന്ധപ്പെട്ട പരാതി</u>

1614 ശ്രീ. ജി. എസ്. ജയലാൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രശസ്ത കഥകളിനടൻ ശ്രീ. ചിറക്കര മാധവൻകുട്ടിയുടെ തിരോധാനവുമായി ബന്ധപ്പെട്ട് പരാതി ലഭിച്ചിരുന്നോ; എങ്കിൽ ആരൊക്കെയാണ് പരാതി നൽകിയിരുന്നതെന്ന് അറിയിക്കുമോ;

(ബി) ശ്രീ. ചിറക്കര മാധവൻകുട്ടിയെ കണ്ടെത്തുന്നതിനായി നടത്തിയ അന്വേഷണത്തിന്റെ വിശദാംശം അറിയിക്കുമോ;

(സി) നിലവിൽ ഏത് പോലീസ് ഉദ്യോഗസ്ഥനാണ് ഈ കേസ്സ് അന്വേഷിക്കുന്നത്; അന്വേഷണം ഊർജ്ജിതപ്പെടുത്തുന്നതിനായി സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>കുഞ്ഞുുണ്ണി മോഹനന്റെ ദുരുഹമരണത്തിലെ പ്രതികൾക്കെ തിരെ നടപടി</u>

1615 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബ്ലേഡ്മാഫിയയുടെ തുടർച്ചയായ ഭീഷണിയെ തുടർന്ന് തിരുവനന്തപുരം മോഡൽ സ്കൂളിലെ വിദ്യാർത്ഥിയായ കുഞ്ഞുുണ്ണി മോഹനൻ ദുരൂഹമായി മരണപ്പെട്ടതിനെക്കുറിച്ച് അന്വേഷിക്കാൻ മരുതംകുഴി ശ്രീവത്സത്തിൽ ശ്രീ. പി.വിജയമോഹനൻ നൽകിയ പരാതി സംബന്ധിച്ച് കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ കേസിലെ പ്രതികൾ ആരൊക്കെയാണ് ;

(സി) പ്രസ്തുത പ്രതികളിൽ ആരെയൊക്കെ അറസ്റ്റ് ചെയ്തിട്ടുണ്ട് ; പ്രസ്തുത പ്രതികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടില്ല എങ്കിൽ അതിനുള്ള കാരണം എന്ത് ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>ആസ്യയുടെ കൊലപാതക അന്വേഷണം ഉന്നത പോലീസ് സംഘത്തെ ഏൽപ്പിക്കുവാൻ നടപടി</u>

1616 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചേലക്കര മണ്ഡലത്തിലെ ദേശമംഗലം വരവട്ടൂർ പാണമ്പിയിൽ വീട്ടിൽ ആസ്യ 2011 ആഗസ്റ്റ് 8 ന് കൊല ചെയ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കൊലപാതകത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഈ കൊലപാതകത്തെപ്പറ്റിയുള്ള അന്വേഷണം ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ഡി) കൊലപാതകികളിൽ ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഇ) കൊലപാതകം നടന്ന് ഇത്രയും ദിവസങ്ങൾക്കു ശേഷവും കുറ്റവാളികളെ കണ്ടെത്താൻ കഴിയാത്തതിനാൽ അന്വേഷണം പ്രത്യേക ഉന്നത പോലീസ് സംഘത്തെ ഏല്പിക്കുവാൻ നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

രാഷ്ട്രീയ കൊലപാതകങ്ങൾ

1617 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് കേരളത്തിൽ എത്ര കൊലപാതകങ്ങൾ നടന്നു;

(ബി) ഇവയിൽ രാഷ്ട്രീയ കൊലപാതകങ്ങൾ എത്രയാണ്; മരിച്ചവർ ഏതെല്ലാം പാർട്ടിയിൽപ്പെട്ടവരാണ്;

(സി) കഴിഞ്ഞ അഞ്ചുവർഷം കേരളത്തിൽ എത്ര കവർച്ചകൾ, ഭവനഭേദനം, മോഷണം, ബാങ്ക് കൊള്ള, ബലാൽസംഗം, സ്ത്രീ പീഡനം എന്നിവ നടന്നു എന്ന് വ്യക്തമാക്കുമോ;

(ഡി) കഴിഞ്ഞ 5 വർഷം കേരളത്തിൽ എത്ര രാഷ്ട്രീയ സംഘട്ടനങ്ങൾ നടന്നു; ഏതെല്ലാം പാർട്ടികൾ തമ്മിലാണ് സംഘട്ടനം നടന്നത് എന്നും അവയുടെ എണ്ണവും വ്യക്തമാക്കുമോ;

(ഇ) കഴിഞ്ഞവർഷം എത്ര ഗുണ്ടാ ആക്രമണങ്ങൾ നടന്നിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

മങ്കട മണ്ഡലത്തിലെ പാങ്ങിൽ പുതിയ പോലീസ് സ്റ്റേഷൻ

1618 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നകാര്യം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ മങ്കട മണ്ഡലത്തിലെ പാങ്ങിൽ പ്രദേശത്ത് ഒരു പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>പയ്യന്നൂർ മണ്ഡലത്തിലെ ചെറുപുഴയിൽ പോലീസ്സ്റ്റേഷൻ ആരംഭിക്കുന്നതിന് നടപടി</u>

1619 ശ്രീ. സി. കൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതുതായി പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാനുള്ള നിർദ്ദേശം പരിഗണനയിൽ ഉണ്ടോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് എന്ന് വിശദമാക്കാമോ;

(സി) പയ്യന്നൂർ മണ്ഡലത്തിൽപ്പെടുന്ന ചെറുപുഴയിൽ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഡി) പ്രസ്തുത കാര്യത്തിൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

റാന്നിയിൽ പുതിയ പോലീസ്സ്റ്റേഷൻ നിർമ്മിക്കാൻ നടപടി

1620 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റാന്നി പോലീസ് സ്റ്റേഷന് പുതിയ മന്ദിരം നിർമ്മിക്കുന്നതിന് എത്ര രൂപയുടെ പദ്ധതിയാണ് തയ്യാറാക്കിയിട്ടുള്ളത്;

(ബി) ഇതിന്റെ നിർമ്മാണം ആരെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(സി) ഇതിന്റെ നിർമ്മാണം ഇതുവരെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) നിർമ്മാണം തുടങ്ങാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(ഇ) അടിയന്തിരമായി ഇതിന്റെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>റാന്നിയിൽ പൊലീസ് സബ് ഡിവിഷൻ ആരംഭിക്കാൻ നടപടി</u>

1621 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പോലീസ് സബ്ഡിവിഷനുകൾ രൂപീകരിക്കുന്നതിന്റെ മാനദണ്ഡമെന്താണ്; ഒരു പോലീസ് സബ് ഡിവിനു കീഴിൽ സാധാരണ എത്ര പോലീസ് സ്റ്റേഷനുകളാണ് ഉൾപ്പെടുത്താറുള്ളത്;

(ബി) റാന്നി നിയോജക മണ്ഡലത്തിലെ വിവിധ പോലീസ് സ്റ്റേഷനുകൾ ഏതൊക്കെ പോലീസ് സബ് ഡിവിഷനു കീഴിലാണ് വരുന്നതെന്ന് വ്യക്തമാക്കാമോ;

(സി) മൈക്ക് സാംഗ്ഷൻ ഉൾപ്പെടെയുള്ള വിവിധ ആവശ്യങ്ങൾക്കായി ജനങ്ങൾ നൂറു കിലോമീറ്ററിലേറെ യാത്ര ചെയ്യേണ്ടി വരുന്ന സാഹചര്യത്തിൽ റാന്നി കേന്ദ്രമാക്കി ഒരു പുതിയ പോലീസ് സബ്ബ് ഡിവിഷൻ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

<u>തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച്</u>

1622 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം തിരുവനന്തപുരത്ത് ഹൈക്കോടതി ബഞ്ച് സ്ഥാപിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ആയത് ഉടൻ ആരംഭിക്കുമോ ?

# കേരള നിയമസഭ
## 03.10.2011-ലെ മറുപടിക്ക്

കരുനാഗപ്പള്ളി സബ് കോടതി

1623 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് അനുവദിച്ച കരുനാഗപ്പള്ളി സബ് കോടതിയുടെ പ്രവർത്തനം ആരംഭിക്കുന്നതിന് എന്തു തടസ്സമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) പ്രവർത്തനം എന്നത്തേയ്ക്ക് ആരംഭിക്കാൻ കഴിയും എന്നാണ് പ്രതീക്ഷിക്കുന്നത് ?